# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 3-1272/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 01/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 3-1272/2023 തീയ്യതി: 01/12/2023

## ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 03-10-2023 | 12-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-10-2023 | 12-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
ശ്രീ.ഫെമിൻ.എസ്.എം,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജി.എസ്,അസി.ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ,എസ്.വിനോദ്കുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധുബാലകൃഷ്ണൻ | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീമതി.അനീസിയ ലാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2022 | 10-04-2022 |
| ശ്രീമതി.ഓമനഅമ്മാൾ | സെക്രട്ടറി | 11-04-2022 | 01-10-2022 |
| ശ്രീമതി.അനീസിയ ലാൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 11-10-2022 |
| ശ്രീ.രഘുലാൽ.വി | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ദേവിക | കൃഷിഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അർച്ചന | വെറ്ററിനറിസർജൻ | 01-04-2022 | 01-01-2023 |
| ഡോ.വികാസ്.ആർ | വെറ്ററിനറിസർജൻ | 02-01-2023 | 31-03-2023 |
| ശ്രീമതി.ലത | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 01-04-2022 | 31-03-2023 |
| ഡോ.അനിത വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.വിദ്യ എം പൈ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ.അരുൺ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 03-12-2022 |
| ശ്രീ.സിബി സോമൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 04-12-2022 | 05-02-2023 |
| ശ്രീമതി.ശ്രുതി ജോയ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 06-02-2023 | 31-03-2023 |
| ശ്രീമതി.സുബൈദ.എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയശ്രീ.ടി | അസി.എഞ്ചിനീയർ | 01-04-2022 | 20-07-2022 |
| ശ്രീ.സലീം | അസി.എഞ്ചിനീയർ | 21-07-2022 | 31-03-2023 |
| ശ്രീ.വിനോദ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.അരുൺ കുമാർ.ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനീസിയ ലാൽ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.ലൂഷി.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ.ശരത് | മെഡിക്കൽ ഓഫീസർ,എഫ്എച്ച്സി | 01-04-2022 | 31-03-2023 |
| ശ്രീമതി.തസ്ലി | എഇ,എൻ ആർ ഇ ജി എസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ബാക്ക് അക്കൌണ്ട് മുന്നിരുപ്പിൽ അപാകം | 1-1-1 |
| 3 | ആസ്തികൾ ഉൾപ്പെട്ടില്ല | 1-1-2 |
| 4 | ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-3 |
| 5 | ബാദ്ധ്യതകൾ വാർഷികകണക്കിൽ കൃത്യമായി ചേർക്കുന്നില്ല | 1-1-4 |
| 6 | പ്രൊവിഷൻ നൽകുന്നില്ല | 1-1-5 |
| 7 | പഞ്ചായത്ത് ഫണ്ട് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡിമാന്റ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | പണമാകാത്ത ചെക്കുകൾ | 1-1-8 |
| 10 | പ്രയർ പീരീഡ് ഇൻകം-വ്യക്തതയില്ല | 1-1-9 |
| 11 | വാർഷിക കണക്കിനൊപ്പം എല്ലാ പത്രികകളും ചേർത്തിട്ടില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനം- | 1-9 |
| 21 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 23 | സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയില്ല | 1-12 |
| 24 | ലൈസൻസിംഗ് പൂർണ്ണമല്ല | 1-13 |
| 25 | ഓഡിറ്റ് ഇംപാക്ട്. എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അധികം നൽകിയ 5000 രൂപ തിരികെ ഒടുക്കി | 1-14 |
| 26 | ഓഡിറ്റ് ഇംപാക്ട്. സ്കൂളുകൾക്ക് പാത്രങ്ങൾ വാങ്ങൽ - അധികം നൽകിയ 12210 രൂപ തിരികെ ഒടുക്കി | 1-15 |
| 27 | MGNREGS-ഓഡിറ്റ് ഇംപാക്ട് -സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - 10913/-രൂപ ആദായനികുതി ഇനത്തിൽ ഒടുക്ക് വരുത്തി- | 1-16 |

| | | |
|---|---|---|
| 28 | ഓഡിറ്റ് ഇംപാക്റ്റ് - എംജിഎൻആർഇജിഎസ് – പനച്ചപറമ്പ് – മങ്കുഴി റോഡ് കോൺക്രീറ്റിംഗ് -അധികം ചെലവഴിച്ച 2789/-രൂപ തിരികെ അടച്ചു | 1-17 |
| 29 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകങ്ങൾ - | 1-18 |
| 30 | RO പ്ലാന്റ് നിർമ്മാണം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല- | 1-19 |
| 31 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പൂർത്തീകരണ രേഖകളില്ല- | 1-20 |
| 32 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ & പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ- പൂർത്തീകരണ രേഖകളില്ല- | 1-21 |
| 33 | കുഴൽ കിണർ നിർമ്മാണം - പൂർത്തീകരണ രേഖകളില്ല- | 1-22 |
| 34 | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-രേഖകളില്ല- | 1-23 |
| 35 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിയും,മിനിമാസ്റ്റ് സ്ഥാപിക്കലും -അപാകതകൾ- | 1-24 |
| 36 | കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിലുള്ള കുറവ് സംബന്ധിച്ച്- | 1-25 |
| 37 | അഗതി ആശ്രയ പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല | 1-26 |
| 38 | ബാലസഭാപ്രവർത്തനം - തുക അധികം ചെലവഴിച്ചു | 1-27 |
| 39 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുത ചാർജ്ജ് ഒടുക്കുന്നു- | 1-28 |
| 40 | മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല | 1-29 |
| 41 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-30 |
| 42 | പ്രിന്റിംഗ് ചാർജ്ജ് നൽകിയതിന് ആദായനികുതി ഈടാക്കിയില്ല - | 1-31 |
| 43 | ഫെസ്റ്റ്‌വെൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല- | 1-32 |
| 44 | സാമൂഹ്യസുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-33 |
| 45 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് – അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയില്ല | 1-34 |
| 46 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അർഹമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല- | 1-35 |
| 47 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം- | 1-36 |
| 48 | പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 1-37 |
| 49 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക -പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ സിംഹഭാഗവും അപഹരിക്കുന്നു- | 1-38 |
| 50 | ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം | 1-39 |

| | | |
|---|---|---|
| | പൂർത്തിയാക്കിയില്ല | |
| 51 | MGNREGS-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-40 |
| 52 | അങ്കണവാടികളുടെ വിവരശേഖരണം സംബന്ധിച്ച് | 1-41 |
| 53 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല- | 1-42 |
| 54 | ഓഡിറ്റ് ഇംപാക്ട്-പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല- 2658/- രൂപ തിരികെ ഒടുക്കി- | 1-43 |
| 55 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്- | 1-44 |
| ഭാഗം **2** | | |
| 1 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല | 3-1 |
| 2 | MGNREGS-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21-07-2023 ലെ മൂന്നാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 22-07-2023 ൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ബാക്ക് അക്കൌണ്ട് മുന്നിരുപ്പിൽ അപാകം

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൌണ്ടിന്റെ 31.3.22 ലെ നീക്കിയിരുപ്പ് 804295 രൂപയാണ് (ബാലൻസ് ഷീറ്റ്). എന്നാൽ 1.04.2022 ൽ മുന്നിരുപ്പായി 804320 രൂപയാണ് ചേർത്തിരിക്കുന്നത് (റസിപ്റ്റ് & പേയ്മെന്റ് പത്രിക (RP(40b))). ഇവ തമ്മിൽ 25 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. യഥാർത്ഥത്തിൽ 804295 രൂപയാണ് മുന്നിരുപ്പായി വരേണ്ടിയിരുന്നത്.

1-1-2 ആസ്തികൾ ഉൾപ്പെട്ടില്ല

സെവറേജ്&ഡ്രയിനേജിന് 31.3.2023 ലെ ബാലൻസ് ഷീറ്റിൽ 14.55 ലക്ഷം രൂപ ഡിപ്രീസിയേഷൻ നൽകിയിട്ടുണ്ട് (416100103). മുൻവർഷത്തെ ഡിപ്രീസിയേഷൻ തുകയിൽ നിന്ന് വർദ്ധനവ് വരുത്തിയിട്ടുമില്ല. എന്നാൽ സെവറേജ്, ഡ്രയിനേജ് എന്ന നിലയിൽ ആസ്തികൾ ഒന്നും തന്നെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം ആകെ ആസ്തിമൂല്യത്തിൽ കുറവുണ്ടാകുന്നു.

1-1-3 ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

വെഹിക്കിൾ ഓൺ ഓഫീസ് യൂസ് എന്ന ശീർഷകത്തിൽ 31.3.2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ആകെ ആസ്തിമൂല്യമായ 1345647 രൂപയിൽ 415141 രൂപയുടെ ആസ്തി മുൻവർഷം ആർജിച്ചതാണ്. എന്നാൽ ഈ ശീർഷകത്തിന് ഡിപ്രീസിയേഷൻ ഉൾപ്പെടുത്താതിരുന്നത് മൂലം ആകെ ആസ്തിമൂല്യം കൂടി നിൽക്കാനിടയാകുന്നു.

1-1-4 ബാദ്ധ്യതകൾ വാർഷികകണക്കിൽ കൃത്യമായി ചേർക്കുന്നില്ല

കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജിനത്തിൽ നൽകാനുള്ള കുടിശ്ശിക പത്ത് കോടിയിൽ അധികമാണ് എന്ന് ഡിമാന്റ് നോട്ടീസിൽ കാണുന്നു. എന്നാൽ ഈയിനത്തിലെ ബാദ്ധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം ആകെ ബാദ്ധ്യതയിൽ കുറവുണ്ടായി.

1-1-5 പ്രൊവിഷൻ നൽകുന്നില്ല

റിസീവബിൾസിൽ കുടിശ്ശികയായി ചേർത്തിരിക്കുന്ന തുകകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല. കിട്ടാക്കടത്തിന്റെ റിസ്കിനെ ബാലൻസ് ഷീറ്റിൽ കുറവ് ചെയ്യാൻ പ്രൊവിഷൻ നൽകേണ്ടത് അനിവാര്യമായിരുന്നിട്ടും ആയത് ചെയ്തിട്ടില്ല.

1-1-6 പഞ്ചായത്ത് ഫണ്ട് പൊരുത്തപ്പെടുന്നില്ല

31.3.2022 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള പഞ്ചായത്ത് ഫണ്ട് (ഷെഡ്യൂൾ ബി.1), തൻവർഷ ഇൻകം & എക്സ്പെന്റീച്ചർ പത്രിക പ്രകാരമുള്ള ഡഫിസിറ്റ് എന്നിവയുടെ അന്തരവും 31.3.2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് ഫണ്ടും പൊരുത്തപ്പെടുന്നില്ല.

1-1-7 ഡിമാന്റ് പൊരുത്തപ്പെടുന്നില്ല

പ്രോപ്പർട്ടി ടാക്സിന്റെ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡിമാന്റ് ഇൻകം & എക്സ്പെന്റീച്ചർ പത്രിക പ്രകാരമുള്ള ഇൻകവുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ഡിമാന്റും വാർഷിക കണക്കിലെ ഡിമാന്റും തമ്മിൽ പൊരുത്തമില്ല.

1-1-8 പണമാകാത്ത ചെക്കുകൾ

മൂന്ന് മാസത്തിലധികമായ രണ്ട് ചെക്കുകൾ കളക്ഷനാകാതെ ശേഷിക്കുന്നു. ഇതുമൂലം 33750 രൂപയുടെ കളക്ഷൻ യഥാർത്ഥത്തിൽ വന്നിട്ടില്ല. എന്നാൽ ബാലൻസ് ഷീറ്റിലെ റിസീവബിൾസിൽ ഇത് പ്രതിഫലിക്കുന്നുമില്ല.

എ) ചെക്ക് നം. 6801996 തീയതി 22.02.2022, 30000 രൂപ

ബി) ചെക്ക് നം. 707061400000125 തീയതി 27.09.2022, 3750 രൂപ

1-1-9 പ്രയർ പീരീഡ് ഇൻകം-വ്യക്തതയില്ല

പ്രയർ പീരീഡ് ഇൻകം (വസ്തുനികുതി) ആയി ട്രയൽ ബാലൻസ് പ്രകാരം തൻവർഷം 915286 രൂപ ക്രഡിറ്റും 821784 രൂപ ഡബിറ്റും 93502 രൂപ ക്ലോസിംഗ് ബാലൻസും (ക്രഡിറ്റ്) ഉണ്ട്. എന്നാൽ ഈ ചേർത്തിരിക്കുന്ന തുക സംബന്ധിച്ച് വ്യക്തത വരുത്താനാവശ്യമായ രേഖകൾ ലഭ്യമല്ല.

1-1-10 വാർഷിക കണക്കിനൊപ്പം എല്ലാ പത്രികകളും ചേർത്തിട്ടില്ല

വാർഷിക കണക്കിനൊപ്പം അവശ്യം ചേർക്കണം എന്ന് നിർദ്ദേശിച്ചിട്ടുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല (ഉദാ. റേഷ്യോകൾ). എന്ന് മാത്രമല്ല ജേണൽ വൌച്ചറുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അപാകം പരിഹരിക്കേണ്ടതാണ്.

1-1-11 ആസ്തി രജിസ്റ്റർ കാലികമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആകയാൽ 31.3.23 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പഞ്ചായത്തിന്റെ ആകെ ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24/03/2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 223358758 | 222253800 |
| വാർഷിക കണക്ക് പ്രകാരം<br>(ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 214847638 | 218248553 |

15/03/2023 ൽ തീരുമാനം നം. 1(2) ആയി ബജറ്റ് പുതുക്കിയിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13464096 |
| വരവ് | 63526908 |
| ആകെ | 76991004 |
| ചെലവ് | 56007271 |
| നീക്കിയിരിപ്പ് | 20983733 |

1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമ നം | ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | | 35959000 | 35959000 | 33373610 | 2585390 |
| 2 | വികസനഫണ്ട്-എസ്.സി.പി | | 2989000 | 2989000 | 2989000 | 00 |
| 3 | വികസനഫണ്ട്- | | 0 | 0 | 0 | 0 |

| ക്രമ നം | ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| | ടി.എസ്.പി | | | | | |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | | 4427000 | 4427000 | 3525590 | 901410 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | | 7198000 | 7198000 | 6694723 | 503277 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Tied ട്രഷറി | 2069323 | 9473566 | 11542889 | 7067367 | 3976956 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് Untied | 97261 | 6233445 (പലിശ 323617രൂപ സഹിതം) | 6330706 | 3674983 | 2650923 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 192 | 78364326 | 101 | 77548617 | 57 | 34 | 52.60 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 185935 | 5836584 | 6022519 | 4049384 | 1973135 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 9786776 | 9786776 | 9786776 | 00 |

## 1-7 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 88560 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 908000 | 90 |
| വിധവാ പെൻഷൻ | 8611600 | 896 |
| വാർദ്ധക്യകാല പെൻഷൻ | 17192200 | 2234 |
| വികലാംഗ പെൻഷൻ | 4404200 | 415 |

| | | |
|---|---|---|
| അവിവാഹിത പെൻഷൻ | 394600 | 45 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2023 തീയതിയിൽ 3pm-ന് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 748/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനം-

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഓഡിറ്റ് വർഷം നിരവധി വാങ്ങലുകൾ (കംപ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ, ടി വി, മൈക്ക് സെറ്റ് ഉപകരണങ്ങൾ എന്നിവ) നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേരുകയോ, ഈ വാങ്ങലുകൾ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി തൻ വർഷം എഴുതി സൂക്ഷിച്ചിട്ടില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3.ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നില്ല. 2022-23 ലെ വാർഷിക കണക്കുകൾ പ്രകാരം (B-18 ഷെഡ്യൂൾ) പ്രകാരം 1,92,67,260/-രൂപയാണ് KWA, KSEB, KGWD എന്നിവിടങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം നിലവിൽ ഡെപ്പോസിറ്റ് ആയി രേഖപ്പെടുത്തിയിട്ടുള്ളത്. വിവിധ പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്യപ്പെടുന്നവ യഥാസമയം പൂർത്തീകരിക്കപ്പെടുന്നില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

4.പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്വെയർ പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5. നിർവഹണ ഉദ്യോഗസ്ഥർക്ക് ഗുണഭോക്തൃവിഹിതം ശേഖരിക്കുവാനായി നൽകുന്ന രസീത് ബുക്കുകൾ ഉപയോഗത്തിന് ശേഷം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ഏതെങ്കിലും ബുക്കിൽ ഭാഗികമായി ഉപയോഗിക്കാതെ ശേഷിക്കുന്ന രസീതുകൾ റദ്ദ് ചെയ്തു എന്ന് ഉറപ്പിക്കേണ്ടതുമാണ്.

6. തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിൽ നിലവിലില്ലാത്ത ബൾബുകളുടെ വൈദ്യുത ചാർജ്ജ് ഒടുക്കേണ്ടി വരുന്നത് മൂലം അധിക ചെലവുണ്ടാകുന്നു.

7. പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

8. പഞ്ചായത്തിൽ തൻവർഷം വാങ്ങിയ KL 29U 8359 –ബൊലേറോ നിയോ വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവയും എഴുതി സൂക്ഷിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടപ്പാക്കണമെങ്കിൽ നികുതി, നികുതിയേതര വരവുകൾ ശരിയായ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി പഞ്ചായത്ത് ഫണ്ടിൽ(ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്. സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ല. 08.01.23 ലെ തീരുമാനം നം.(3) ൽ 31.03.2023 നകം 100% നികുതി പിരിവ് ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് ലഭിച്ചതും കിട്ടാനുള്ളതുമായ വരവുകളുടെ വിശകലനം നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ ഇല്ല.

ബജറ്റ് പ്രകാരവുമുള്ള വരവും വാർഷികക്കണക്ക് പ്രകാരവുമുള്ള വരവും -

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | വാർഷിക കണക്ക് പ്രകാരമുള്ള വരവും ബജറ്റും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 2700000 | 2014011 | (-)685989 |
| തൊഴിൽ നികുതി (തൻവർഷം) | 1250000 | 961220 | (-)288780 |
| ഫീ & യൂസർ ചാർജ് | 702000 | 740406 | 38406 |
| സെയിൽ & ഹയർ ചാർജസ് | 305000 | 67163 | (-)237837 |
| പലിശ | 350000 | 262673 | (-)87327 |
| മറ്റു വരവുകൾ | 25000 | 13215 | (-)11785 |
| ആകെ | 5332000 | 4058688 | (-)1273312 |

ബജറ്റും വാർഷിക കണക്കും തമ്മിലുള്ള അന്തരം മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. യഥാർത്ഥ വരവുകളെ അടിസ്ഥാനപ്പെടുത്തി മാത്രം ബജറ്റിൽ തുക ഉൾക്കൊള്ളിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നികുതി പരിഷ്കരണം

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10)

കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. 13.04.2022 ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ 2-ാം നമ്പർ തീരുമാന പ്രകാരം വസ്തു നികുതിനിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനും 2022/2023 വരെ അസസ് ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ നികുതിയിൽ 5 ശതമാനം നിരക്കിൽ ഓരോ വർഷവും വർദ്ധനവ് വരുത്തുന്നതിനും നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി ഡേറ്റാഎൻട്രി ചെയ്ത് നികുതി പുതുക്കുന്നതിനും അംഗീകരിച്ചു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി പഞ്ചായത്ത് കമ്മറ്റിയുടെ 11.07.2023 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. 25.09.2023 തീയതിയിലെ കേരളാ കൌമുദി ദിനപ്പത്രത്തിൽ ആയത് അറിയിപ്പായി വന്നിട്ടുണ്ട്. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നിരക്കുകൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.09.23ലെ 1(1) തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുത്തി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പെടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വരുമാനത്തിൽ കാര്യമായ വർദ്ധനവ് നേടാനാവുന്നതാണ്.

സേവന ഉപനികുതി

പഞ്ചായത്തിരാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം എന്തെങ്കിലും സേവനങ്ങൾ നല്കിയിട്ടുള്ളപക്ഷം സേവന ഉപനികുതിയും, ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സേവനങ്ങളൊന്നും പ്രത്യേകമായി നല്കിയിട്ടില്ലാത്തിടത്തുപോലും മുപ്പത്തിമൂന്നും മൂന്നിലൊന്നുശതമാനവും സർവ്വീസ് ചാർജ് ഈടാക്കാമെന്നിരിക്കെ സേവന ഉപനികുതിയും സർവ്വീസ് ചാർജ്ജും ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശ്രുപാർയോ കമ്മറ്റി തീരുമാനമോ ഇല്ല. വരുമാന വർദ്ധനവിനായി ഇവ ഈടാക്കുന്നതിന് തീരുമാനമെടുക്കാവുന്നതാണ്.

മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി

അസസ്മെൻറ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തിയ മൊബൈൽ ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1/338B Indus Towers

X1V/216 G.M ATC

2022-23 വർഷം വരെ ഇവയുടെ വസ്തുനികുതി ഈടാക്കിയിട്ടുണ്ട്.

തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പലതും അപൂർണ്ണമാണ്. ഡിമാന്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ റേഷൻകട ലൈസൻസികളിൽനിന്നും എല്ലാ വാർഡുകളിലുമുള്ള കള്ള് ഷാപ്പ് ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുന്നില്ല.

ഡിമാന്റ് രജിസ്റ്ററിന്റെ പരിപാലനവും കാര്യക്ഷമമല്ല.പല സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ നികുതി

ഒടുക്ക് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.ഉദാ:- പഞ്ചായത്ത് ഓഫീസ്,വി ഇഒ, തൃക്കുന്നപ്പുഴ, പോലീസ് സ്റ്റേഷൻ,തൃക്കുന്നപ്പുഴ. ഡിമാന്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

പഞ്ചായത്ത് പരിധിയിൽ മാംസം വിൽക്കുന്ന സ്റ്റാളുകൾ; മത്സ്യം, ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങൾ; സലൂണുകൾ , റേഷൻ കടകൾ, മാവേലിസ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോർ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

കൂടാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

2)ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

3)നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

4)തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി എല്ലാവരും നികുതി ഒടുക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

5)വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ആമ്പാടി ഫ്യൂവൽസ് | I & II Half |
| മുത്തൂറ്റ് എക്സിം പ്രൈവറ്റ് ലിമിറ്റഡ് | I & II Half |
| എസ് വി ആയുർവേദിക് മെഡിക്കൽസ് | I & II Half |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.18/11-10-23) മറുപടിയിൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധ വർഷങ്ങളിൽ സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കെ.എസ്.എഫ്.ഇ | II Half |
| മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് | II Half |
| ഡിസിബി, തൃക്കുന്നപ്പുഴ | I & II Half |
| ഈസാഫ് സ്മാൾ ഫിനാൻസ് | II Half |
| റിലയൻസ് റീടെയിൽ | II Half |
| ധനലക്ഷ്മി ബാങ്ക് | II Half |
| രാജേഷ് ഫൈനാൻസിയേഴ്സ് | I & II Half |
| കൊശമറ്റം ഫിനാൻസിയേഴ്സ് | II Half |
| മിനി മുത്തൂറ്റ് നിധി | II Half |
| മുത്തൂറ്റ് എക്സിം പ്രൈവറ്റ് ലിമിറ്റഡ് | I & II Half |
| കണ്ണാട്ട് ഫിനാൻസിയേഴ്സ് | I & II Half |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.18/11-10-23) മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസിംഗ് പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories,Traders, Enterpreneurship Activities And Other Services)ചട്ടങ്ങൾ-1996 പട്ടിക ഒന്നിൽ ലൈസൻസ് ഏർപ്പെടുത്തേണ്ട സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം റേഷൻ കടകൾ, മാവേലിസ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോർ എന്നിവക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട് (ക്രമനം.149). എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, പഞ്ചായത്തിന് സമീപം തന്നെ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, മുതലായവക്ക് ലൈസൻസ് എടുത്തിട്ടില്ല.

മാത്രമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാൽസംഭരണ വിതരണസംഘങ്ങൾ, മാട്ടിറച്ചി സ്റ്റാളുകൾ, ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രങ്ങൾ; മത്സ്യസ്റ്റാളുകൾ എന്നിവയും സലൂണുകളും ലൈസൻസ് എടുത്തിട്ടില്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിൽ (നം.25/12.10.23) ലൈസൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് സെക്രട്ടറി അറിയിച്ചത്. ചട്ടം അനുശാസിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്നുറപ്പിക്കാൻ പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഓഡിറ്റ് ഇംപാക്ട്. എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അധികം നൽകിയ 5000 രൂപ തിരികെ ഒടുക്കി

എസ്.സി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (നം.162/23) എന്ന പ്രോജക്ട് വഴി പല്ലന, ലക്ഷ്മിതോപ്പ്,

അക്ഷയ് ഭവനത്തിൽ കെ.അനിയൻ മകൻ ശ്രീ. വിഷ്ണു.എ - ക്ക് 25000 രൂപയാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) 115/2022 ത.സ്വ.ഭ.വ. 28.05.2022) ഖണ്ഡിക 7.2.4 പ്രകാരം ഡിപ്ലോമ വിദ്യാർത്ഥിയായ ശ്രീ. വിഷ്ണു.എ-ക്ക് അനുവദനീയമായ സ്കോളർഷിപ്പ് പരമാവധി 20000 രൂപയാണ്. അപാകം ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം (നം.6/5.10.23) നൽകിയതിനെ തുടർന്ന് അധികം അനുവദിച്ച 5000 രൂപ പ്രസ്തുത വിദ്യാർത്ഥി തിരികെ പഞ്ചായത്തിലൊടുക്കി (രസീത് നം. 1230600020/G040902; 10.10.2023 ശീർഷകം- 350400999). പ്രസ്തുത തുക സംസ്ഥാന സഞ്ചിത നിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

### 1-15 ഓഡിറ്റ് ഇംപാക്ട്. സ്കൂളുകൾക്ക് പാത്രങ്ങൾ വാങ്ങൽ - അധികം നൽകിയ 12210 രൂപ തിരികെ ഒടുക്കി

സർക്കാർ സ്കൂളിലേക്ക് പ്രഭാത ഭക്ഷണം എന്ന പ്രോജക്റ്റിൽ പെടുത്തി പാചകം, ഭക്ഷണ വിതരണം എന്നിവയ്ക്കാവശ്യമായ 99950 രൂപയുടെ പാത്രങ്ങൾ സ്കൂളുകൾക്ക് വാങ്ങി നൽകിയതിൽ പഞ്ചായത്ത് സമിതി അംഗീകരിച്ച ക്വട്ടേഷനിൽ നിന്ന് വ്യതിചലിച്ച് സപ്ലയർ ബിൽ ലഭ്യമാക്കുകയും നിർവ്വഹണോദ്യോഗസ്ഥ (എച്ച്.എം) തുക അനുവദിക്കുകയും ചെയ്തത് വഴി പഞ്ചായത്ത് ഫണ്ടിന് ((മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)) 12210 രൂപയുടെ നഷ്ടം സംഭവിച്ചിരുന്നു. ഇത് ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നം.6/05.10.2023) എച്ച്.എം സാധനങ്ങൾ സപ്ലൈ ചെയ്ത സിതാര ഷോപ്പിംഗ് സെന്റർ, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് 12210 രൂപ തിരികെ ഈടാക്കി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തു (1230600028/G040902; 13.10.2023 ശീർഷകം -320100131). ഈ തുക സംസ്ഥാന സഞ്ചിത നിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

### 1-16 MGNREGS-ഓഡിറ്റ് ഇംപാക്ട് -സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - 10913/-രൂപ ആദായനികുതി ഇനത്തിൽ ഒടുക്ക് വരുത്തി-

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത പ്രവൃത്തികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയിരിക്കുന്നത് ആദർശ്റാം, റാം ബിൽഡേഴ്സ് എന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിന് തൻ വർഷം വിവിധ ബില്ലുകൾ പ്രകാരം 545650/- രൂപ അനുവദിച്ചിട്ടുണ്ട്. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് ഈ സ്ഥാപനത്തിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (9/07.10.23) നൽകിയതിനെ തുടർന്ന് 1230600012/G040902/07/10/2023 നം. രസീത് പ്രകാരം 545650/- രൂപയുടെ 2% ആയ 10913/- രൂപ ഒടുക്കി മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുക ആദായനികുതി വകുപ്പിൽ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

### 1-17 ഓഡിറ്റ് ഇംപാക്ട് - എംജിഎൻആർഇജിഎസ് - പനച്ചപറമ്പ് - മങ്കുഴി റോഡ് കോൺക്രീറ്റിംഗ് -അധികം ചെലവഴിച്ച 2789/-രൂപ തിരികെ അടച്ചു

പനച്ചപറമ്പ് - മങ്കുഴി റോഡ് കോൺക്രീറ്റിംഗ് - പ്രവൃത്തി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

സിമന്റ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ 40mm മെറ്റൽ ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. CPWD സ്പെസിഫിക്കേഷൻ അനുസരിച്ച് 40mm മെറ്റൽ ഉപയോഗിച്ചുള്ള പ്രവർത്തികളിൽ 40mm സ്റ്റോൺ അഗ്രഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ ആകെ അളവിൽ നിന്നും വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിയിൽ കരാറുകാരൻ സപ്ലൈ ചെയ്ത അളവിനെക്കാൾ

അധികം സ്റ്റാക്ക് ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി, അതിൽ നിന്നും 7.5% കുറവു ചെയ്ത ശേഷം തുക അനുവദിച്ചത് മൂലം കരാറുകാരന് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| വർക്ക് കോഡ്/എം ബുക്ക് നം. കരാറുകാരൻ | കരാറുകാരന്റെ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റലിന്റെ അളവ്. | അളവു പുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടുള്ള അളവ്/ അളവു പുസ്തകം പ്രകാരം അനുവദിച്ച അളവ് | കരാറുകാരൻ സപ്ലൈ ചെയ്ത അളവിൽ നിന്നും 7.5% കുറവു ചെയ്ത ശേഷം അനുവദനീയമായ അളവ് | അധികം നൽകിയ തുക | FTO No./ തീയതി/ തുക |
|---|---|---|---|---|---|
| /RC/342317/ 214/22-23, അരുൺ, അരുണാലയം | 17.018 $M^3$ | 18.90$m^3$ / 16.794 $M^3$ | 17.018 $M^3$ – 1.278 $M^3$ = 15.741 $M^3$ | 1.053$m^3$ (16.794 – 15.741)@ 2648.25/$m^3$ = 2789/- | 23161237/ 29-03-23/ 278338/- |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.17/07-10-23) നൽകിയതിനെ തുടർന്ന് അധികം ചെലവഴിച്ച 2789/- രൂപ (രസീത് നം. 1230600021/10.10.23) ഒടുക്കി മറുപടി ലഭ്യമാക്കി.

1-18 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അപാകങ്ങൾ -

1) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-

12-ാം വാർഡിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന ഈ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ,പദ്ധതി നിർവ്വഹണ ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരളയുടെ 30-12-22 ലെ UEI/661-ാം നമ്പർ ഇൻവോയിസ് പ്രകാരം 300000/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല.

അനുബന്ധ വിവരങ്ങൾ-

നിർവ്വഹണം -സെക്രട്ടറി

പ്രോജക്റ്റ് നമ്പർ – S0123/23

അടങ്കൽ -300000/-(വികസനഫണ്ട്-300000/-)

ചെലവ്-1) ബിൽ നം.23/22-23, Dt.24-02-23, 300000/-

2) മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ-

പ്രോജക്റ്റ് നമ്പർ – S0174/23

അടങ്കൽ -750000/-(വികസനഫണ്ട്-750000/-)

ചെലവ്-1) ബിൽ നം.27/22-23,dt.02-03-23,750000/-

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം, കേരളയുടെ പേരിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം 750000/- രൂപ 6 മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (1 ന് 125000/-) ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മിനിമാസ്റ്റ് ലൈറ്റുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നതിന് രേഖകളില്ല.

2) പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3) പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല.
4)സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരം തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കി അതിൽ രേഖപ്പെടുത്തുന്നില്ല. അപാകതകൾക്ക് വിശദീകരണവും, ഈ രണ്ടു പദ്ധതികളുടെയും നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 10,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 RO പ്ലാന്റ് നിർമ്മാണം- പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പിലാക്കിയ RO പ്ലാന്റ് നിർമ്മാണം എന്ന പദ്ധതി പ്രകാരം മണിക്കൂറിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള രണ്ട് RO പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 1496250/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തി പൂർത്തീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രണ്ട് RO പ്ലാന്റുകൾ എവിടെയെല്ലാം സ്ഥാപിച്ചുവെന്നതിന് രേഖകളില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അനുബന്ധ വിവരങ്ങൾ
പ്രോജക്ട് നമ്പർ – S0002/23
അടങ്കൽ – 1500000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരം – ബിൽ നം.347/17-03-23 , Rs-1496250/-

2) 6-ാം വാർഡിൽ RO പ്ലാന്റ് സ്ഥാപിക്കൽ- പൂർത്തീകരണ രേഖകൾ ഇല്ല -
പ്രോജക്ട് നമ്പർ - S0214/23
അടങ്കൽ – 750000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് വിവരം – ബിൽ നം.366/21-03-23 , Rs-750000/-
സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ 6-ാം വാർഡിൽ RO പ്ലാന്റ് നിർമ്മാണം എന്ന പദ്ധതി പ്രകാരം മണിക്കൂറിൽ 1500 ലിറ്റർ കപ്പാസിറ്റിയുള്ള RO പ്ലാന്റ് സ്ഥാപിക്കുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റിക്ക് 750000/- രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ആകെ ചെലവ് 950000/- രൂപയായിരുന്നു. എന്നാൽ 750000/- രൂപ മാത്രമെ നൽകിയിട്ടുള്ളൂ.
3) പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയില്ല.
4) പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.
അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 2246250/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി-08/06-10-23

1-20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പൂർത്തീകരണ രേഖകളില്ല-

നിർവ്വഹണം - സെക്രട്ടറി
(പ്രോജക്ട് നമ്പർ – S0088/23)

അടങ്കൽ -2492463/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1238000/-, ജില്ലാ പഞ്ചായത്ത് വിഹിതം-1238000/-, തനത് ഫണ്ട്- 16463/-
ചെലവ്-1) Rs-500000/-,ബിൽ നം.22/22-23/17-02-23,
2)Rs-16463/-(തനത് ഫണ്ട്.)ബിൽ നം.346/17-03-23
3)877258/- ബിൽ നം.38/22-23/30-03-23
ആകെ -1393721/-രൂപ

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതി പ്രകാരം 1,2,3,11,13,17 എന്നീ വാർഡുകളിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി മേൽ രേഖപ്പെടുത്തിയ പ്രകാരം ആകെ 1393721/-/- രൂപ അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കാർത്തികപ്പള്ളിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളോ, വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1393721/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ & പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ-പൂർത്തീകരണ രേഖകളില്ല-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 17-ാം വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ –

17-ാം വാർഡിൽ പുത്തൂർ ഓമനക്കുട്ടന്റെ വീട് മുതൽ കിഴക്കോട്ട് പോച്ചയിൽ ഭാഗം വരെ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിയ്ക്കായി എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലപ്പുഴ തയ്യാറാക്കി നൽകിയിട്ടുള്ള 275000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം 86700/-രൂപ എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 275000/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി ആരംഭിച്ച ഈ പ്രവൃത്തി 86700/- രൂപ ചെലവഴിച്ച് അവസാനിപ്പിച്ചതിന്റെ കാരണവും വ്യക്തമല്ല.

അനുബന്ധ വിവരങ്ങൾ-
പ്രോജക്ട് നമ്പർ – S0088/23
അടങ്കൽ -489000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ്-1) Rs-86700/-, ബിൽ നം.367/22-23/21-03-23

2) 6-ാം വാർഡിൽ പൈപ്പ് ലൈൻ ഇന്റർ കണക്ഷൻ-

22-03-23 ൽ കരാർ വെച്ച ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 335000/- രൂപ എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അനുബന്ധ വിവരങ്ങൾ-
പ്രോജക്ട് നമ്പർ – S0215/23
അടങ്കൽ -340000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്-1)Rs-335000/-, ബിൽ നം.355/22-23/19-03-23

അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കു വാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 421700/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 കുഴൽ കിണർ നിർമ്മാണം - പൂർത്തീകരണ രേഖകളില്ല-

കുഴൽ കിണർ നിർമ്മാണം –(പ്രോജക്ട് നമ്പർ – S0192/23) -

അടങ്കൽ -1687000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

നിർവ്വഹണം – സെക്രട്ടറി

ചെലവ്-1)Rs-1687000/-, ബിൽ നം.356/22-23/19-03-23

3-ാം വാർഡിലെ ആത്മ വിദ്യാ സംഘം സ്കൂൾ ഗ്രൌണ്ടിലും, 11-ാം വാർഡിൽ സി.എച്ച്സി. ക്ക് സമീപവും കുഴൽ കിണർ നിർമ്മിക്കുന്നതിനായി 1687000/- രൂപ ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. കരാർ പ്രകാരം തുക ഒടുക്കിയതിന് ശേഷം ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വന്നാൽ തുക പഞ്ചായത്തിന് തിരികെ നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 16,87,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-രേഖകളില്ല-

വാർഡ് 14 ൽ വഴികളിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 93872/- രൂപ അസിസ്റ്റന്റ് എൻജിനീയർ, കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ കരുവാറ്റയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ യാതൊരു രേഖകളും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 93872/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അനുബന്ധ വിവരങ്ങൾ-

പ്രോജക്ട് നമ്പർ – S0191/23

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ -143650/- (തനത് ഫണ്ട്)

ചെലവ്-1)Rs-23626/-, ബിൽ നം.237/22-23/13-02-23

2)Rs-18464/-,ബിൽ നം.238/22-23/13-02-23

3)Rs-14643/-,ബിൽ നം.313/22-23/06-03-23

4)Rs-37139/-,ബിൽ നം.477/22-23/31-03-23

ആകെ -93872/-

1-24 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിയും,മിനിമാസ്റ്റ് സ്ഥാപിക്കലും -അപാകതകൾ-

പ്രോജക്ട് നമ്പർ – S0085/23

നിർവഹണം -സെക്രട്ടറി

അടങ്കൽ -1500000/-(വികസനഫണ്ട്-750000/-, ജില്ലാപഞ്ചായത്ത് വിഹിതം- 750000/-)

ചെലവ്-1) ബിൽ നം.21/22-23,dt.17-02-23,499593/-

2)ബിൽ നം.26/22-23,dt.02-03-23,250000/-

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി, 24 വാട്ട് എൽ ഇ ഡി ആട്ടോമാറ്റിക് ലൈറ്റ് സ്ഥാപിക്കൽ, 5, 6 വാർഡുകളിൽ 2 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയായിരുന്ന പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അറ്റകുറ്റപ്പണി നടത്തിയ പോസ്റ്റിന്റെ എണ്ണം എത്ര, ഏതൊക്കെ വാർഡുകളിൽ പ്രവൃത്തി നിർവ്വഹിച്ചു, ഏത് പോസ്റ്റിൽ റിപ്പയർ നടത്തി, എന്തെല്ലാം റിപ്പയർ ആണ് നടത്തിയത്, തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ട് KSEB അധികൃതരുടെ സാക്ഷ്യപത്രവും ഇല്ല.

2.ആരാണ് പ്രവൃത്തി നിർവ്വഹിച്ചതെന്ന് ഫയലിൽ വിവരങ്ങളില്ല.

3.മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് KSEB യുടെയോ, ബന്ധപ്പെട്ട വാർഡുകളിലെ മെമ്പർമാരുടെയോ സാക്ഷ്യപത്രമോ ഇല്ല.

4.അറ്റകുറ്റപ്പണി നടത്തിയതിന്റെ ഫലമായി കേടായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിനും രേഖകളില്ല.

5. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട്, പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6.പഞ്ചായത്തിൽ നിലവിലുള്ള സ്റ്റോക്ക് തെരുവ് വിളക്കുകളുടെ വിവരം ലഭ്യമാക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണവും, പദ്ധതിയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (08/06-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 749593/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 കരാർ പ്രവൃത്തികളിൽ മുദ്രപത്ര വില ഈടാക്കിയതിലുള്ള കുറവ് സംബന്ധിച്ച്-

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018 ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ഉപവകുപ്പ്(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം/ ഏജൻസി. | കരാർ തീയതി. | തുക | ആവശ്യമായ സ്റ്റാമ്പ് പേപ്പർ മൂല്യം | ഉപയോഗിച്ച സ്റ്റാമ്പ് പേപ്പർ മൂല്യം | കുറവ് മൂല്യം |
|---|---|---|---|---|---|---|
| 1. | പ്രോജക്ട് നമ്പർ – S0085/23 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിയും, | 16-12-22 | 749593/- | 750/- | 400/- | 350/- |

| | | | | | | |
|---|---|---|---|---|---|---|
| | മിനിമാസ്റ്റ് സ്ഥാപിക്കലും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്,കൊല്ലം. | | | | | |
| 2. | പ്രോജക്റ്റ് നമ്പർ – S0123/23 12-ാം വാർഡിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്,കൊല്ലം. | 21.11.22 | 300000/- | 300/- | 200/- | 100/- |
| 3. | പ്രോജക്റ്റ് നമ്പർ – S0106/23, ഘടക സ്ഥാപന ങ്ങൾക്ക് കംപ്യൂട്ടർ, ആന്റി കോം സിസ്റ്റംസ് (ഇൻഡ്യ) പ്രൈ.ലിമിറ്റഡ്, റാന്നി, പത്തനം തിട്ട. | കരാറിലേർപ്പെട്ടില്ല. | 272946/- | 300/- | 0 | 300/- |
| 4. | പ്രോജക്റ്റ് നമ്പർ – S0171/23, പഞ്ചായത്ത് ഓഫീസിലേക്ക് ലാപ് ടോപ്പ് & പ്രിന്റർ. ആന്റി കോം സിസ്റ്റംസ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ്, റാന്നി, പത്തനം തിട്ട. | കരാറിലേർപ്പെട്ടില്ല. | 215356/- | 300/- | 0 | 300/- |
| 5. | പ്രോജക്റ്റ് നമ്പർ – S0174/23 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- | 16-12-22 | 750000/- | 750/- | 200/- | 550/- |
| 6. | പ്രോജക്റ്റ് നമ്പർ – S0189/23 MGNREGS ന് കംപ്യൂട്ടർ. ഹിൻഡ് ഡിജിറ്റൽ സൊല്യൂഷൻസ്, മുട്ടമ്പലം, കോട്ടയം. | കരാറിലേർപ്പെട്ടില്ല. | 324110/- | 350/- | 0 | 350/- |
| | | | | | ആകെ | 1950/- |

മേൽ രേഖപ്പെടുത്തിയ പ്രകാരം മുദ്രപത്ര വില കുറവായി ഈടാക്കിയതിനും, കരാർ വ്യവസ്ഥകൾക്ക്

മുദ്രപത്ര വില ഈടാക്കുന്നത് സംബന്ധിച്ച മേൽ സൂചിപ്പിച്ച നിയമത്തിൽ നിന്നും മേൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/07-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മുദ്രപത്രവിലയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-26 അഗതി ആശ്രയ പദ്ധതി -ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല

അഗതി ആശ്രയ പദ്ധതിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ 31.03.23 ൽ 10,77,604 രൂപ നീക്കിയിരുപ്പുണ്ട്. ഇതിൽ 7,20,000/-രൂപ മുൻവർഷങ്ങളിൽ വിവിധ പദ്ധതികളിലായി ലഭിച്ച ജില്ലാപഞ്ചായത്ത് വിഹിതമാണ്. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | തുക ലഭിച്ച വർഷം | തുക |
|---|---|---|
| ഭവനനിർമ്മാണം | 2013-14 | 2,50,000 |
| ഭവനനിർമ്മാണം | 2017-18 | 2,70,000 |
| ഭവനപുനരുദ്ധാരണം | 2020-21 | 2,00,000 |
| ആകെ | | 7,20,000 |

മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുക ഇതുവരെയും ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/07.10.23) ക്കുള്ള മറുപടിയിൽ ഭവന പുനരുദ്ധാരണത്തിന് അനുവദിച്ച 2,00,000/- രൂപയിൽ 1,00,000/- രൂപ 2023 –24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളതായും ബാലൻസ് 1,00,000/- രൂപ ഒരു ഗുണഭോക്താവിന് നൽകുന്നതിനുള്ള ആദ്യഘട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. ആശ്രയ ഭവന നിർമ്മാണത്തിന് ജില്ലാ പഞ്ചായത്ത് അനുവദിച്ച 5,20,000/- രൂപ ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം ബോധിപ്പിച്ചുകൊണ്ട് വിലയിരുത്തൽ സമിതി തീരുമാനപ്രകാരം 03.12.2022 ൽ സിഡിഎസ് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത കത്തിന് പഞ്ചായത്ത് നാളിതുവരെ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ലഭ്യമാക്കുന്നതിനനുസൃതമായി തുക ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി നൽകി.

അഗതിരഹിത കേരളം പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും അർഹരായവരെ കണ്ടെത്തി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 ബാലസഭാപ്രവർത്തനം - തുക അധികം ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് – ബാലസഭാപഠനയാത്ര

പ്രോജക്ട് നം. – S0135/23

ചെലവ് – 50,000/-

ബിൽ നം. തുക -13/30.03.23

പ്രോജക്ടിന്റെ ഭാഗമായി 50,000/-രൂപ നിർവഹണ ഉദ്യോഗസ്ഥ സി.ഡി.എസ്. ന്റെ തനത്ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. 20735/- രൂപ ബാലസഭയുടെ പ്രവർത്തനങ്ങൾക്കും 29265/- രൂപ പഠനയാത്രക്കുമായാണ് ചെലവഴിച്ചത്. ജി.ഒ.(എം.എസ്) നം.115/22/ത.സ്വ.ഭ.വ. തീയതി 28.05.22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.7.10 ലെ നിർദ്ദേശങ്ങൾ പ്രകാരം ബാലസഭാപ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന് വാർഡ് ഒന്നിന് 1000/-രൂപ നൽകാവുന്നതാണ് എന്നാണ് വിശദമാക്കിയിട്ടുള്ളത്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ അനുവദനീയമായ തുക 17,000/- രൂപ (17x1000)യാണ്. സബ്സിഡി മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കിയതിലുപരിയായി തുക ചെലവഴിക്കാൻ അനുവദിച്ച് ഉത്തരവുണ്ടെങ്കിൽ ആയത് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.11/07.10.23) ത്തിനുള്ള മറുപടിയിൽ, തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ആകെ 60 ബാലസഭകൾ പ്രവർത്തിച്ചുവരുന്നു. ആയതിനാൽ 7-7-10(2) പ്രകാരം വാർഡുകളിൽ തുക അനുവദിക്കുന്നത് പ്രായോഗികം അല്ല എന്നും ബാലപഞ്ചായത്ത് രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനമുൾപ്പെടെ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചതിനാലും വിനോദവും വിജ്ഞാനവും ഉൾപ്പെടുത്തി പാലോട് ബൊട്ടാണിക്കൽ ഗാർഡനിലേക്ക് 34 ബാലസഭ കുട്ടികളെ ഉൾപ്പെടുത്തി ഒരു പഠനയാത്ര നടത്തിയതിനാലുമാണ് ഇപ്രകാരം തുക ചെലവഴിച്ചത് എന്ന് അറിയിച്ചു. പഠനയാത്രയുടെ ചെലവ് ഒഴിവാക്കി കണക്കാക്കിയാലും സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശത്തിനുപരിയായാണ് തുക ചെലവഴിച്ചത്. കുട്ടികളുടെ ശാരീരിക -മാനസിക വികസനത്തിനുതകുന്ന രീതിയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു എന്ന മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ, സബ്സിഡി മാർഗ്ഗനിർദ്ദേശത്തിനനുസൃതമായി മാത്രം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -നിലവിലില്ലാത്ത ബൾബുകൾക്ക് വൈദ്യുത ചാർജ്ജ് ഒടുക്കുന്നു-

ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് KSEB ഇലക്ട്രിക്കൽ സെക്ഷൻ, കരുവാറ്റ, ഇലക്ട്രിക്കൽ സെക്ഷൻ, ആറാട്ടുപുഴ, ഇലക്ട്രിക്കൽ സെക്ഷൻ കാർത്തികപ്പള്ളി എന്നിവിടങ്ങളിലായാണ് ഒടുക്ക വരുത്തുന്നത്. ഇതിൽ തെരുവ് വിളക്കുകളുടെ ഇനവും, എണ്ണവും സംബന്ധിച്ച്, കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമാക്കിയ തീയതിയും, നമ്പരും രേഖപ്പെടുത്താത്ത കത്ത് പ്രകാരം ഈ സെക്ഷനിൽ ഭാഗികമായി മാത്രമാണ് മീറ്ററിംഗ് നടത്തിയിട്ടുള്ളുവെന്ന് കണ്ടു. കാർത്തികപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരം നിലവിൽ അൺമീറ്റേർഡ് ആയി വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്ന തെരുവ് വിളക്കുകളിൽ ഇപ്പോൾ ഉപയോഗിക്കാത്ത ബൾബുകൾക്ക് വൈദ്യുത ചാർജ്ജ് ഒടുക്കുന്നതായി കാണാം. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Sl.No. | Steet Light Details | Units | Burning Hour |
|---|---|---|---|
| 1. | Flourescent Tube-2x40w | 70 | 12 |
| 2. | Ordinary Bulb-40w | 101 | 12 |
| 3. | Sodium Vapour Lamp-250w | 2 | 12 |

ഇതിൽ നിന്നും സെക്ഷനിൽ ഇപ്പോഴും പഞ്ചായത്തിൽ നിലവിലില്ലാത്ത വൈദ്യുത ബൾബുകളുടെ

താരിഫാണ് ഒടുക്കുന്നതെന്ന് കാണാം. കഴിഞ്ഞ കുറെ വർഷങ്ങളായി "നിലാവ്"പോലുള്ള പദ്ധതികളിലൂടെയും അല്ലാതെയും സാധാരണ ബൾബുകളും, സോഡിയം വേപ്പർ ലാമ്പുകളും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ വസ്തുത പരിഗണിക്കാതെ ഇപ്പോഴും പഴയ ബൾബുകളുടെ വൈദ്യുതി ചാർജ്ജാണ് പഞ്ചായത്തിൽ നിന്നും ഈടാക്കി വരുന്നത്. പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ രേഖകൾ ഇല്ലാത്തതും ഇപ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് കാരണമായിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം ഏകദേശം 13.34 ലക്ഷം രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കി വരുത്തുന്നുണ്ട്. ഇതിൽ ഒരു ഭാഗം മേൽ രേഖപ്പെടുത്തിയ പ്രകാരം പഞ്ചായത്തിൽ നിലവിലില്ലാത്ത ബൾബുകൾക്ക് വേണ്ടിയാണ് നൽകുന്നത്. നിലവിലില്ലാത്ത ബൾബുകൾക്ക് കൂടിയ നിരക്കിലുള്ള വൈദ്യുത ചാർജ്ജ് ഒടുക്കുന്നത് മൂലം തനത് വരുമാനത്തിലുണ്ടാകുന്ന ഈ അധിക ചെലവ് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് (22/11-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി ഓഫീസുമായി ബന്ധപ്പെട്ട് തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കേണ്ടതും, അതിലൂടെ പഞ്ചായത്തിനുണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായില്ല

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ഗവ.ഫിഷറീസ് ആശുപത്രി)

പാലിയേറ്റീവ് കെയർ പ്രോജക്ട് വഴി കിടപ്പ് രോഗികൾക്കാവശ്യയമായ വിവിധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ 70065 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി നൽകിയെങ്കിലും ഉപകരണങ്ങൾ ഇതുവരെയും ലഭിച്ചിട്ടില്ല. കാലതാമസത്തിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/7.10.23) ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കി. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ സത്വരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. - 16, പാലിയേറ്റീവ് കെയർ പ്രോജക്ട് – 2022-23

അടങ്കൽ- 9.3 ലക്ഷം രൂപ

ആകെ ചെലവ്- 889834 രൂപ, 70065 രൂപ, ചെലവഴിച്ച ബിൽ.നം – 0940828/21.12.2022

## 1-30 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നം. - S0015/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധസാമഗ്രികളും വാങ്ങൽ

ഫണ്ട് – മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

അടങ്കൽ – 3,00,000/-

ചെലവ് – 3,00,000/- (ബിൽ നം. 1/22-23/19.11.22)

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധസാമഗ്രികളും വാങ്ങുന്നതിനായി 3,00,000/-രൂപ ഹോംകോയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 1,76,912/- രൂപയുടെ മരുന്നുകൾ (Inv.no.LF 798/01.08.23) മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (1,23,088/-) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/3.10.23) മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ വിശദാംശം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം നൽകേണ്ടതാണ്.

## 1-31 പ്രിന്റിംഗ് ചാർജ്ജ് നൽകിയതിന് ആദായനികുതി ഈടാക്കിയില്ല -

2022-23 വർഷം പഞ്ചായത്തിലേയ്ക്കാവശ്യമായ കരട് പദ്ധതി മാർഗ്ഗ രേഖ, വികസന സെമിനാർ നോട്ടീസ്, വികസന രേഖ, ഗ്രാമ സഭാ അറിയിപ്പ് നോട്ടീസ് തുടങ്ങിയവ പ്രിന്റിംഗ് നടത്തിയതിന് സന്ധ്യ ഓഫ് സെറ്റ് പ്രസ്സ്, തോട്ടപ്പള്ളി എന്ന സ്ഥാപനത്തിന് 20-09-22 ലെ വൌച്ചർ നം. 22200400 പ്രകാരം 81000 രൂപയും, 24-02-23 ലെ വൌച്ചർ നം. 22200774 പ്രകാരം 49450 രൂപയും ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194(സി) പ്രകാരം ഒറ്റ തവണ ഒരു കരാറുകാരന് 30000/- രൂപയിൽ അധികം നല്കുമ്പോഴോ ഒരു സാമ്പത്തിക വർഷം നല്കുന്ന ആകെ തുക 1,00,000/-രൂപ കവിയുമ്പോഴോ ടിയാളിൽ നിന്നും 1% ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം 130450/- രൂപയുടെ ഒരു ശതമാനം ആയ 1304 രൂപ ആദായനികുതി ഇനത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഇപ്രകാരം ആദായ നികുതി ഈടാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (24/11-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ ഈടാക്കാതിരുന്ന 1304 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-32 ഫെസ്റ്റ്വെൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല-

ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ 24000 രൂപ ഒരു വർഷത്തിന് ശേഷവും പഞ്ചായത്തിൽ തിരികെ ലഭിച്ചിട്ടില്ല. തൃക്കുന്നപ്പുഴ പഞ്ചായത്തിൽ നിന്ന് പിന്നീട് സ്ഥലംമാറി പോയ ഇ.ആർ.ഓമന അമ്മാൾ, സെക്രട്ടറി കൈപ്പറ്റിയ ഇരുപതിനായിരം രൂപയിൽ 16000 രൂപയും വിനീത്.കെ, സീനിയർ ക്ലർക്ക് കൈപ്പറ്റിയ ഇരുപതിനായിരം രൂപയിൽ 8000 രൂപയും ആണ് തിരികെ ഈടാക്കാൻ ബാക്കി നിൽക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 4/04.10.23) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളിലേക്ക് കത്തുകൾ നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമായത്. ഈ ജീവനക്കാർ സ്ഥലംമാറ്റത്തിന് ശേഷം ജോലിയിൽ പ്രവേശിച്ച സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രസ്തുത തുക അടിയന്തിരമായി ഈടാക്കേണ്ടതാണ്. തുക ഈടാക്കപ്പെടും വരെ 24000 രൂപയുടെ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം

സെക്രട്ടറിക്കുള്ള അഡ്വാൻസ് – വൌച്ചർ നം. 22200352 /01.09.2022 (20000 രൂപ)

മറ്റ് ജീവനക്കാർക്കുള്ള അഡ്വാൻസ് – വൌച്ചർ നം.2200353/01.09/2022 (ആകെ 125000 രൂപ)

1-33 സാമൂഹ്യസുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായി കാണുന്നു. ഇതുമൂലം സഹകരണബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് (ഡയറക്റ്റ് ടു ഹോം) പെൻഷൻ വിതരണം നടത്തുന്നതിന് തുക നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം | മരിച്ച തീയതി | പെൻഷൻതരം/ ഐഡി | പെൻഷൻ കൈപ്പറ്റിയിട്ടുള്ള അനർഹമായ കാലയളവ് | തുക |
|---|---|---|---|---|---|
| 1 | തങ്കപ്പൻ, കരിത്തറ | 04.04.2022 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ | 5/2022-06/2023 | 22400 |

| | | | | | |
|---|---|---|---|---|---|
| | കിഴക്കതിൽ | | പെൻഷൻ സ്കീം - 104750201493 | | (1600x14) |
| 2 | വാസുദേവൻ,പുതുവലിൽ | 06.11.22 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750202222 | 12/2022-6/2023 | 4200/- (7x600) |
| 3 | കുട്ടപ്പൻ, ആണ്ടോളിപറമ്പിൽ | 23.07.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750200811 | 08/2022- | 1600/- |
| 4 | ഭാസി, ചെറിയാശ്ശേരിൽ | 24.08.2022 | വികലാംഗ പെൻഷൻ 104750400438 | 09/2022 06/2023 | 16000/- (1600x10) |
| 5 | നടരാജൻ.പി,കുറ്റിക്കാട്ട് | 21.08.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750202617 | 09/2022 | 1600/- |
| 6 | ശശീന്ദ്രൻ, ശശിസദനം | 09.09.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750202617 | 10/2022-06/2023 | 14400/- (1600x9) |
| 7 | പത്മാക്ഷി, മന്തന്റെ തറയിൽ | 13.08.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750201338 | 09/2022-06/2023 | 6000/- (600 X10) |
| 8 | സുധികുമാർ, തറപ്പാട്ട് ലക്ഷം വീട് | 21.09.2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104750400234 | 10/2022-06/2023 | 14400/- (1600x9) |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.23/12.10.23) മറുപടിയിൽ, ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഈ ഗുണഭോക്താക്കളുടെ പെൻഷൻ സേവന സോഫ്റ്റ്‌വെയറിൽ സസ്പെൻഡ് ചെയ്തുവെന്നും അനർഹമായ കാലയളവിൽ അക്കൌണ്ടിലേക്ക് കൈമാറിയ തുക തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. സമയപരിമിതി കാരണം ഏതാനും ഗുണഭോക്താക്കളുടെ വിവരം മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചത്. ആയതിനാൽ സേവന സോഫ്റ്റ്‌വെയർ പരിശോധിച്ച് അനർഹമായ കാലയളവിൽ സമാനമായി വിതരണം നടന്നിട്ടുണ്ടെങ്കിൽ ആയത് സസ്പെൻഡ് ചെയ്ത് തുക തിരികെ ഡിബിറ്റി സെല്ലിൽ അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-34 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് – അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയില്ല

2022-23 വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും | 99/23 | 1488000 | 0 |
| മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 100/23 | 540000/- | 0 |
| കടലോര മത്സ്യത്തൊഴിലാളികൾക്ക് നീട്ടുവല | 103/23 | 500000/- | 0 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/07-10-23), നിർവഹണഉദ്യോഗസ്ഥ 06.02.23 ലാണ് ഈ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതെന്നും 99/23 പ്രോജക്ടിനായി സപ്ലൈ ഓർഡർ നൽകിയിരുന്നുവെന്നും 103/23 പദ്ധതിക്ക് ഗുണഭോക്തൃവിഹിതം പിരിച്ച് പഞ്ചായത്തിൽ അടവാക്കിയിരുന്നതായും അറിയിച്ചു. 20.03.23 മുതൽ 24.03.23 വരെ തിരുവനന്തപുരം നെയ്യാർ ഫിഷ് ഹാച്ചറിയിൽ നടന്ന സ്റ്റാഫ് ട്രെയിനിംഗിൽ പങ്കെടുക്കേണ്ടിവന്നുവെന്നും പ്രോജക്ട് നം.99/23ന് പാർട്ട് ബിൽ സമർപ്പിച്ചെങ്കിലും ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതി നടപ്പാക്കാനായില്ല എന്നും അറിയിച്ചിരുന്നു. ചുരുക്കത്തിൽ നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടി പ്രകാരം, നാല് ദിവസത്തെ സ്റ്റാഫ് ട്രെയിനിങ്ങും ഫണ്ടിന്റെ അപര്യാപ്തതയുമാണ് പ്രോജക്ട് നടപ്പാക്കാൻ കഴിയാതിരുന്നതിന്റെ കാരണമായത്. വസ്തുതാപരമല്ലാത്ത പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ജനസംഖ്യയുടെ നല്ലൊരു പങ്കും മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ഈ പഞ്ചായത്തിലെ മത്സ്യ മേഖലയിൽപ്പെട്ട

ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി തുക വകയിരുത്തി അംഗീകാരം ലഭിച്ച പദ്ധതിയുടെ ആനുകൂല്യം, ആയത് യഥാസമയം നടപ്പിലാക്കാതിരുന്നത് മൂലം തൻവർഷം പാഴായി. തീരദേശ മേഖലയുടെ ഭാഗമായ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി കളുടെയും കുടുംബത്തിന്റെയും ക്ഷേമം ലക്ഷ്യമാക്കി 25,28,000/-രൂപയുടെ പ്രോജക്ട് ആവിഷ്കരിച്ചിട്ടും ഒരു രൂപ പോലും ചെലവഴിക്കാനായില്ല എന്നത് തീർത്തും ദൌർഭാഗ്യകരമാണ്. മാത്രവുമല്ല വികസനഫണ്ടിനത്തിൽ പഞ്ചായത്തിന് ലഭ്യമായ 25,28,000/-രൂപ നഷ്ടപ്പെടുകയും ചെയ്തു. പദ്ധതിപ്പണം പാഴായിപ്പോകാതെ, വകയിരുത്തുന്ന തുക അർഹരായവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനുള്ള ബാധ്യത നിർവഹണഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. പദ്ധതിപ്രവർത്തനങ്ങൾ ഫലപ്രാപ്തി കൈവരിക്കത്തക്ക വിധമുള്ള പ്രവർത്തനങ്ങൾ നിർവഹണഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

## 1-35 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-അർഹമായ തുക പൂർണ്ണമായും വിതരണം ചെയ്തില്ല-

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ ചെലവ് രേഖകൾ തൻവർഷം 1158310/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 55 കുട്ടികൾക്കാണ് തൻവർഷം ആനുകൂല്യം നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, സർക്കാർ ഉത്തരവു പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന തുക 28500/- രൂപയും, ശാരീരിക വൈകല്യമുള്ളവർക്ക് 4500/- രൂപ മുതൽ 13500/- രൂപ വരെ വ്യത്യസ്ത നിരക്കിലുമാണെന്നിരിക്കെ, പല കുട്ടികൾക്കും ആനുകൂല്യം മുഴുവനായും അനുവദിച്ചിട്ടില്ല എന്ന് കണ്ടു. ഇപ്രകാരം ഭാഗികമായി മാത്രം ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടുള്ള കുട്ടികളിൽ ചിലരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച നൽകിയ തുക. | അനുവദിക്കേണ്ടുന്ന തുക |
|---|---|---|---|
| 1. | പാർവതി ജയദാസ് (MR) | 26350/- | 28500/- |
| 2. | അരവിന്ദ് (PH) | 5760/- | 6800/-(+2) |
| 3. | ആരോമൽ (MR) | 26350/- | 28500/- |
| 4. | നേതുൽ പ്രമോദ് | 26350/- | 28500/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 25-01-2019 ലെ സർക്കുലർ നം.ഡി.എ-1/19/2019 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് അർഹതപ്പെട്ട ബത്തയും സ്കോളർഷിപ്പും എല്ലാ മാസവും കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണെന്നും, മതിയായ തുക ഇതിനായി നീക്കിവെയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ പാലിക്കപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് തുക പൂർണ്ണമായും അനുവദിക്കാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (26/12-10-23) ലഭ്യമാക്കിയ മറുപടിയിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ 20223 സാമ്പത്തിക വർഷത്തിലെ പ്രോജക്ട് ആയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിൽ 60% പഞ്ചായത്തും 30% ബ്ലോക്ക്

പഞ്ചായത്തും 10% ജില്ലാ പഞ്ചായത്തു വിഹിതവുമാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് ലഭ്യമാകാത്തതിനാൽ മുഴുവൻ തുകയും നൽകാൻ സാധിച്ചിട്ടില്ല. 2023-24 വർഷത്തിലേക്ക് പ്രോജക്ട് വകയിരുത്തി ബാക്കി 168000 രൂപ നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി വകയിരുത്തുന്ന തുക പൂർണ്ണമായും യഥാസമയം തന്നെ വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

അനുബന്ധ വിവരങ്ങൾ-

പ്രോജക്ട് നം.-S0091/23

ചെലവ് വിവരം – 1) ബിൽ നം.7/22-23/ 27-12-22 – Rs-731700/-

1) ബിൽ നം.8/22-23/ 21-01-22 – Rs-299900/-

1) ബിൽ നം.13/22-23/ 23-02-23 – Rs-126710/-

1-36 വയോജനങ്ങൾക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധം-

പ്രോജക്ട് നം. – S0078/23
പ്രോജക്ടിന്റെ പേര് - വയോജനങ്ങൾക്ക് കട്ടിൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ – വികസന ഫണ്ട് - 504870/-, തനത് ഫണ്ട്- 4080/-

ചെലവ് വിവരം - 1)ബിൽ നം.09/22-23/17.02.23, Rs-243020/-
2)ബിൽ നം.10/22-23/23.02.23, Rs-238901/-

ഫയൽ പരിശോധിച്ചതിൽ, പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ട് പ്രകാരം 137 പേർക്ക് ആലപ്പുഴ SIDCO യിൽ നിന്നും ഒരെണ്ണത്തിന് 4119/- രൂപ പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ഓരോ ഇനത്തിനും അനുവദനീയമായ സബ്സിഡിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈ പഞ്ചായത്തിൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 137 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. അപാകതക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (28/12-10-23) ലഭ്യമാക്കിയ മറുപടിയിൽ സൂചന പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തിയിരുന്നു ആയത് പഞ്ചായത്ത് ഗ്രാമസഭയിൽ അംഗീകരിച്ചതും ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതുമായ ബിപിഎൽ വിഭാഗത്തിൽപെട്ടവർക്കും 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുമാണ് കട്ടിൽ നൽകിയിട്ടുള്ളത്. മാർഗ്ഗരേഖയിലെ ഖണ്ഡിക 7-1-14(2) പ്രകാരം നിരാലംബരായ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് നൽകാം എന്നാണ് നിരാലംബരായ എന്നതിന് ശരിയായ ഒരു വിശദീകരണം ഇല്ലാത്തതിനാൽ ആണ് ഇങ്ങനെ കട്ടിൽ നൽകിയത് ഇനി ഇത് ആവർത്തിക്കുന്നതല്ലായെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കി മാത്രം ഈ പദ്ധതി നിർവ്വഹിക്കേണ്ടതാണ്.

1-37 പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം. 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ

വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

2022-23 വർഷം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ആരെല്ലാമാണ് ടീമിൽ ഉള്ളത്, പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ ഇവ രൂപീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്നിവയ്ക്ക് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/07.10.23) മറുപടി നൽകുകയോ മിനുട്സ് ഹാജരാക്കുകയോ ചെയ്തില്ല. ആയതിൽ നിന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്നതാണ് വ്യക്തമാകുന്നത്. സെക്രട്ടറി, എച്ച്.എം, മെഡിക്കൽ ഓഫീസർ എന്നിവർ നിർവഹിച്ച പദ്ധതികളുടെ ഭാഗമായി ഫർണ്ണീച്ചറുകൾ, മെഡിക്കൽ ഉപകരണങ്ങൾ, കംപ്യൂട്ടർ,മൈക്ക് സെറ്റ്, ടിവി തുടങ്ങി നിരവധി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അഭാവത്തിൽ, 2022-23 വർഷം സെക്രട്ടറിയും മറ്റ് നിർവഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പദ്ധതികളിൽ വാങ്ങിയ ഇനങ്ങളുടെ ഗുണനിലവാരം, സ്പെസിഫിക്കേഷൻ ഉറപ്പാക്കിയത് എപ്രകാരമെന്ന് വ്യക്തമാകുന്നില്ല. കേവലം തുക ചെലവഴിക്കുക എന്നിതിനുപരിയായി പദ്ധതി നിർവഹണത്തിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്നതാണ് ഇത് വ്യക്തമാക്കുന്നത്. സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുംവിധം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നിർവഹിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-38 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക -പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ സിംഹഭാഗവും അപഹരിക്കുന്നു-

(പ്രോജക്ട് നം.188/23)

അടങ്കൽ -1946221/- (വികസന ഫണ്ട്-1146221/-, മെയിന്റനൻസ് ഗ്രാന്റ് (NR)-800000/-)

ചെലവ് – 531651/-,ബിൽ നം. 67/22-23,dt.14-03-23

കേരള വാട്ടർ അതോറിറ്റിയുടെ 3/2023 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 414 ടാപ്പുകളുടെ വെള്ളക്കരം 9,60,92,372/- രൂപയാണ്. ഇതിൽ 9,3751039/- രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശികയാണ്. തൻമാസത്തെ ഫൈൻ മാത്രം 18,39,047/- രൂപയാണ്. അസിസ്റ്റന്റ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി, ഹരിപ്പാട് 22-02-23 ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കേരള വാട്ടർ അതോറിറ്റി, ഹരിപ്പാടിന് നൽകിയ കത്തിൽ വാർഡ് അടിസ്ഥാനത്തിൽ 414 ടാപ്പുകളാണ് നിലവിലുള്ളതെന്നും അറിയിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന 535 ടാപ്പുകളുടെ എണ്ണം 2022 ആഗസ്റ്റ് മുതൽ 414 ആയി പുനഃക്രമീകരിച്ച് വെള്ളക്കരം 414 ടാപ്പുകൾക്ക് 199690/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. 01-04-23 മുതൽ പൊതുടാപ്പുകളുടെ നിരക്ക് ഒന്നിന് പ്രതിവർഷം 14559.12 രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപ്രകാരം പ്രതിമാസ ഡിമാന്റ് 502290/- രൂപയും, (14559.12x414/12) വാർഷിക ഡിമാന്റ് 6027475/-രൂപയുമായി വർദ്ധിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ

പഞ്ചായത്തിൽ 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം ലഭിക്കുന്ന തുകയുടെയും, വെള്ളക്കരം, വൈദ്യുതി എന്നീ ഇനങ്ങളിൽ ചെലവായ തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| GPF ഇനത്തിലെ ആകെ വരവ് | പുതിയ നിരക്കിൽ ഒരു വർഷം ഒടുക്കേണ്ടി വരുന്ന വെള്ളക്കരം. | 2022-23 വർഷം വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുക | ആകെ ചെലവ് (2+3) | ആകെ വരവിനെ അടിസ്ഥാനമാക്കിയുള്ള ചെലവ് ശതമാനം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 13355000/- | 6027475/- | 1438641/- | 7466116/- | 55.90 |

നിലവിലുള്ള 414 ടാപ്പുകളും പ്രവർത്തനക്ഷമമാണോ?, കേരള വാട്ടർ അതോറിറ്റിയുടെ മേൽ സൂചിപ്പിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ഏകദേശം 9.60 കോടിയോളം രൂപയാണ് ഈയിനത്തിൽ കുടിശ്ശികയുള്ളത്. ഇത്രയധികം കുടിശ്ശിക വരുവാൻ കാരണം ? കുടിശ്ശിക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും നേരിട്ട് ഒടുക്കിയ തുകയുടെയും, ഉറവിടത്തിൽ കുറവ് ചെയ്ത തുകയുടെയും കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടോ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി (08/06-10-23) ലഭ്യമാക്കിയില്ല. വെള്ളക്കരം കുടിശ്ശിക തുകയിൽ ശാശ്വതപരിഹാരം കാണുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ലൈഫ് ഭവനപദ്ധതി – ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് ഭവന പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആദ്യഗഡു കൈപ്പറ്റിയവർ നിലവിലും നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം. | മുൻകൂർ കൈപ്പറ്റിയ വർഷം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 2018-19 | സദാനന്ദൻ, സന്ധ്യാഭവനം | 40000 |
| 2 | 2018-19 | ഗോമതി,പുത്തൻതോപ്പിൽ | 40,000/- |
| 3. | 2018-19 | വാസന്തി,വടക്കേകാട്ടിൽ | 40,000/- |
| 4. | 2019-20 | ബിന്ദുവിജയൻ വാലയിൽ | 40,000/- |
| 5. | 2018-19 | വിമല,മാമൂട്ടിൽ | 40,000/- |
| 6. | 2020-21 | റമീസ,ചേലക്കാട്ട് പടീറ്റതിൽ | 40,000/- |
| 7 | 2021-22 | ലത,പ്രകാശൻ, പുല്ലുകാട്ടിൽ | 40,000/- |
| 8 | 2021-22 | റസിയ,അബ്ദുൾജബ്ബാർപാലപ്പള്ളിക്കരിയിൽ | 40,000/- |
| 9 | 2021-22 | രജനി,കാട്ടിൽ | 40,000/- |
| 10 | 2021-22 | സുനിത,മട്ടാനലക്ഷം വീട് | 40,000/- |
| 11 | 2020-21 | കുമാരി ബേബി, രഞ്ചുഭവനം | 40,000/- |
| 12 | 2021-22 | ബേബി, കിഴക്കേപറമ്പിൽ | 40,000/- |

മുൻവർഷങ്ങളിൽ അഡ്വാൻസ് കൈപ്പറ്റിയ ഈ ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി (നം.13/07.10.23) ക്കുള്ള മറുപടിയിൽ, രോഗമുൾപ്പെടെയുള്ള വ്യക്തിപരമായ പ്രശ്നങ്ങൾ കാരണമാണ് നിർമ്മാണം ആരംഭിക്കാത്തത് എന്നാണ് അറിയിച്ചത്.

2. 2022-23 വർഷം മുൻകൂർ കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ഗുണഭോക്താവിന്റെ പേര് | തുക | ബിൽ നം./തീയതി |
|---|---|---|
| ശ്രീമതി ബിന്ദു ശിവകുമാർ, കൊച്ചുതറയിൽ | 40,000/- | 200642754/13.10.22 |
| ശ്രീമതി കനകമ്മ, പാണ്ടിപറമ്പിൽ | 40,000/- | 200642754/13.10.22 |

3. ശ്രീമതി അംബിക, രേവതി എന്ന ഗുണഭോക്താവിന് 2018-19 (40,000/- 3.08.2018), 2019-20 (1,60,000/- 27.02.2020) വർഷങ്ങളിലായി ഭവനനിർമ്മാണത്തിന്റെ രണ്ടു ഗഡുക്കൾ (ആകെ 2,00,000/-) അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ ഭവനനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ലഭ്യമാക്കാനാവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയില്ല.

ക്രമ നം.1, 2 ഗുണഭോക്താക്കളിൽ നിർമ്മാണം ആരംഭിക്കാൻ സന്നദ്ധരായവരെ കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതും മറ്റുള്ളവർ കൈപ്പറ്റിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതു മാണ്. ക്രമ നം. 1, 2, 3 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് മറുപടി നൽകേണ്ടതാണ്.

## 1-40 MGNREGS-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഗ്രാവൽ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയതിൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10% വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC) ചെയ്താൽ 5% വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. അളവു പുസ്തകത്തിൽ ഇത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ് /അളവ് പുസ്തകം നമ്പർ/കരാറുകാരന്റെ പേര് | കരാറുകാരൻ സപ്ലൈ ചെയ്ത ഗ്രാവലിന്റെ അളവ്/ ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ്/ നൽകിയ തുക | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യനിർണ്ണയം നടത്താവുന്ന അളവ്/നൽകാവുന്ന തുക | നിരക്ക് | അധികം | FTO നമ്പർ/ തിയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | 2-ാം വാർഡിൽ തകിടിയിൽ സജിഭവനം റോഡ് നിർമ്മാണം/RC/ 344468/ 128/22-23,ഹബീബ്, കാരാത്ര | $137.70m^3$/ $126.46m^3$/ 141761/-രൂപ | $137.70m^3$-13.77 $M^3$ (10%) = $123.93m^3$ 138925/-രൂപ | $1121/m^3$ | 141761-138925 2836/-രൂപ | 32023163/ 27/3/23/ 207164 |
| | | ആകെ | | | 2836/- | |

മേൽ സൂചിപ്പിച്ചവിധം ഗ്രാവൽ ഫില്ലിംഗ് നടത്തിയതിൽ നിന്നും സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണവും കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/04.10.23) ലഭ്യമാക്കിയ മറുപടിയിൽ ഡ്രൈകണ്ടീഷനിൽ ആയിരുന്ന ഗ്രാവൽ പവർറോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താണ് സൈറ്റിൽ പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ അമിതമായ ജോലിത്തിരക്ക് കാരണം ആയത് സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം ഫയലിൽ ഇടുന്ന കാര്യം വിട്ടുപോയി എന്നാണ് അറിയിച്ചത്. ഈ മറുപടി അംഗീകരിച്ചാൽ പോലും, കരാറുകാരൻ സപ്ലെ ചെയ്തിരിക്കുന്ന ഗ്രാവലിന്റെ അളവായ $137.70m^3$ ൽ നിന്നും, 10% കുറവ് ചെയ്തതിന് ശേഷം അനുവദിക്കാവുന്ന തുകയെക്കാൾ അധികം തുക അനുവദിച്ച് നൽകിയതായി മേൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

ആദായ നികുതി ഈടാക്കാത്തത്-

1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് കരാറുകാരനിൽ നിന്നും 2,072/-രൂപ ഈടാക്കേണ്ടതായിരുന്നുവെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

ടി പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളതും ആയതിന്റെ റെസീപ്റ്റ് പ്രവൃത്തിയുടെ ഫയലിൽ അറ്റാച്ച് ചെയ്തിട്ടുണ്ട് എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയതെങ്കിലും ആദായ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി മറുപടി നൽകേണ്ടതാണ്.

1-41 അങ്കണവാടികളുടെ വിവരശേഖരണം സംബന്ധിച്ച്

അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.-27/12-10-23 പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ആകെ അങ്കണവാടികളുടെ എണ്ണം -30

2) സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം -12

3) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ -18

4) ടോയ് ലെറ്റ് സൗകര്യമുള്ളവയുടെ എണ്ണം -30

5) ബേബി ഫ്രണ്ട് ലി ടോയ്‌ലെറ്റ് ഉള്ളവ – ഇല്ല

6) ചുറ്റുമതിൽ ഉള്ളവയുടെ എണ്ണം -7

7) വൈദ്യുതി ഉള്ളവ -30

8) കുടിവെള്ളം ലഭ്യമായവ (പൈപ്പ് ലൈൻ, കിണർ) -30

9) ഒറ്റമുറിയിൽ പ്രവർത്തിക്കുന്നവ (അടുക്കള പ്രത്യേകം ഇല്ലാത്തവ)-ഇല്ല

10) കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ, കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അങ്കണവാടികളുടെ വിവരം – ഇല്ല.

11) ഗ്യാസ് കണക്ഷൻ ഉള്ളവ -30

അങ്കണവാടികളിൽ ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ധാന്യസംഭരണികളും ലഭ്യമാണെന്നും, ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് എല്ലാ അങ്കണവാടികളും പ്രവർത്തിക്കുന്നതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാതൃകാ അങ്കണവാടികൾ ഒന്നും തന്നെ നിലവിലില്ലായെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ നിന്നും ഇപ്പോഴും 18 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും, സ്വന്തമായി കെട്ടിടമുള്ള 12 എണ്ണത്തിൽ 7 എണ്ണത്തിന് മാത്രമെ ചുറ്റുമതിൽ ഉള്ളുവെന്നും വ്യക്തമാകുന്നു. വാടകയ്ക്ക് പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെയോ, മറ്റ് ഫണ്ട് ഉപയോഗിച്ചോ, സ്ഥലം ലഭ്യമാക്കി കെട്ടിടവും, ചുറ്റുമതിലും പോലുള്ള അടിസ്ഥാന സൌകര്യങ്ങൾ സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-42 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല-

2012 ലെ കേരള പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022- 23 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ നിയമാനുസൃത കാലയളവിനുള്ളിൽ കരാർ വെച്ചതായി കാണുന്നില്ല. ടി പ്രവൃത്തികളിൽ നിയമാനുസൃത തീയതിയിൽ കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും ഫൈനും ഈടാക്കിയിട്ടില്ല.

15-ാം വാർഡിൽ തയ്യിൽ കുട്ടുഴത്തിൽ റോഡ് ടാറിംഗ്-

കരാറുകാരന് അയച്ചു നൽകിയിട്ടുള്ള 08-02-22 ലെ AE/LSGD/TKPZ/21-ാം നമ്പർ ആയുള്ള സെലക്ഷൻ നോട്ടീസിൽ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ 300/- വിലയുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് രേഖപ്പെടുത്തിയിരുന്നു. അതനുസരിച്ച് 22-02-22 നുള്ളിൽ കരാർ വെയ്ക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവൃത്തിക്ക് കരാർ വെച്ചിട്ടുള്ളത് ഒരു മാസത്തിന് ശേഷം, 21-03-22 ൽ ആണ്.

പ്രോജക്റ്റ് നം. - S0039/22
അടങ്കൽ-300000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ് + തനത് ഫണ്ട്.)
കരാറുകാരൻ - സിയാദ്.എച്ച്.
എഗ്രിമെന്റ് നം., 28/AE/LSGD/TKPZA/21-22/21-03-22
ബിൽ നം., തീയതി, തുക – 06/22-23,dt.15/03/23, Rs-34000/-
-266000/- ബിൽ നം.,402/24-03-23
PAC- 265802/-
M Book – 04/22-23,
ഈടാക്കേണ്ട ഫൈൻ – 2658/- രൂപ

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/11-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-43 ഓഡിറ്റ് ഇംപാക്ട്-പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല- 2658/- രൂപ തിരികെ ഒടുക്കി-

1)പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല-

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ കമ്മിറ്റി തീരുമാനത്തോടെ പൂർത്തീകരണ കാലാവധിക്കു സമമായ അത്രയും തന്നെ കാലാവധി യാതൊരു പിഴയും ഈടാക്കാതെ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 16-ാം വാർഡിൽ പാണ്ട്യാലയിൽ റോഡ് ടാറിംഗ് –

പഞ്ചായത്ത് കമ്മിറ്റിയുടെ 17-03-23 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണ സമയത്തുണ്ടായ പ്രാദേശിക തർക്കങ്ങളും,സാധനങ്ങളുടെ അപര്യാപ്തതയും നിമിത്തം ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്ന് രേഖപ്പെടുത്തി, പിഴയില്ലാതെ കരാറുകാർക്ക് 31-03-23 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് മേൽ രേഖപ്പെടുത്തിയ നിയമത്തിന് വിരുദ്ധമാണ്. ആയതിനാൽ പിഴയിനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 13-09-22 (6 മാസം)

പൂർത്തീകരിച്ച തീയതി- 17-03-23

ഈടാക്കേണ്ട ഫൈൻ – 2678/- രൂപ

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/11-10-23) ലഭ്യമാക്കിയ മറുപടിയിൽ 31-03-23 വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകുവാൻ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പിഴ ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ തീരുമാനം മേൽ രേഖപ്പെടുത്തിയ നിയമത്തിന് വിരുദ്ധമാണെന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റിയെ അറിയിച്ചിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കുന്നില്ല.

അനുബന്ധ വിവരങ്ങൾ-

പ്രോജക്റ്റ് നം. – S0052/23

അടങ്കൽ-330000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ - ഗോപാലകൃഷ്ണപിള്ള

എഗ്രിമെന്റ് നം. 19/AE/LSGD/TKPZA/21-22/14-03-22

ബിൽ നം., തീയതി, തുക -07/22-23,dt.15/03/23, Rs-330000/-

PAC- 267836/-

M Book – 02/22-23,

2)15-ാം വാർഡിൽ തയ്യിൽ കുട്ടുഴത്തിൽ റോഡ് ടാറിംഗ്-

പഞ്ചായത്ത് കമ്മിറ്റിയുടെ 17-03-23 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണ സമയത്തുണ്ടായ പ്രാദേശിക തർക്കങ്ങളും, സാധനങ്ങളുടെ അപര്യാപ്തതയും നിമിത്തം ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്ന് രേഖപ്പെടുത്തി, പിഴയില്ലാതെ

കരാറുകാർക്ക് 31-03-23 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് മേൽ രേഖപ്പെടുത്തിയ നിയമത്തിന് വിരുദ്ധമാണ്. മാത്രവുമല്ല, പൂർത്തീകരണ കാലാവധി നീട്ടി നൽകുവാനാവശ്യപ്പെട്ട് കരാറുകാരൻ നൽകിയ തീയതി രേഖപ്പെടുത്താത്ത കത്തിൽ പൂർത്തീകരണ കാലാവധി 3 മാസം കൂടി നീട്ടി നൽകണമെന്നേ ആവശ്യപ്പെട്ടിരുന്നുള്ളൂ. എന്നാൽ ആയത് പോലും പരിഗണിക്കാതെയാണ് 31-03-23 വരെ കാലാവധി നീട്ടി നൽകിയത്. ആയതിനാൽ പിഴയിനത്തിൽ കരാറുകാരനിൽ നിന്നും ചുവടെ ചേർക്കും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ – S0051/23

അടങ്കൽ-300000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ് + തനത് ഫണ്ട്.)

കരാറുകാരൻ - സിയാദ്.എച്ച്.

എഗ്രിമെന്റ് നം. 28/AE/LSGD/TKPZA/21-22/21-03-22

ബിൽ നം., തീയതി, തുക – 06/22-23,dt.15/03/23, Rs-34000/-

– 266000/- ബിൽ നം.,402/24-03-23

PAC- 265802/-

M Book – 04/22-23,

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 20-09-22 (6 മാസം)

പൂർത്തീകരിച്ച തീയതി- 18-03-23

ഈടാക്കേണ്ട ഫൈൻ – 2658/- രൂപ

ഒട്ടാകെ അധികം നൽകിയത് -2678 +2658 =5336/-രൂപ.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/11-10-23) മറുപടിയായി 2658/- രൂപ 13-10-23 ലെ 1230600030-ാം നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. മേൽ ക്രമ നം.1 ആയി രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കാതിരുന്ന 2678/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

1-44 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്-

2022-23 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം/ പ്രോജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | 16-ാം വാർഡിൽ പാണ്ട്യാലയിൽ റോഡ് ടാറിംഗ്-പ്രോജക്റ്റ് നം. – S0052/23 | 2529/- | മെയിന്റനൻസ് ഗ്രാന്റ് | 07/22-23,dt.28/ 03/23, Rs-330000/- |
| 2 | 16-ാം വാർഡിൽ തയ്യിൽ കുട്ടഴത്തിൽ റോഡ് ടാറിംഗ്-പ്രോജക്റ്റ് നം. – S0051/23 | 1372/- | മെയിന്റനൻസ് ഗ്രാന്റ് | 06/22-23,dt.15/ 03/23, Rs-34000/- 266000/- ബിൽ നം,402/24-03-23 |

| | | | | |
|---|---|---|---|---|
| 3. | 4-ാം വാർഡിൽ പടിയിൽ കടവ് മുതൽ – പറമ്പിൽ കടവിലേക്കുള്ള റോഡ് റീ-ടാറിംഗ്, പ്രോജക്റ്റ് നം. - S0131/23 | 7540/- | മെയിന്റനൻസ് ഗ്രാന്റ് | 04/22-23,dt.15 /03/23, Rs-897932/- |
| 4. | 10-ാം വാടച്ചിറ റോഡ് റീ-ടാറിംഗ്- പ്രോജക്റ്റ് നം. - S0115/23 | 5015/- | മെയിന്റനൻസ് ഗ്രാന്റ് | 03/22-23,dt.22/ 02/23, Rs-925815/- |
| | ആകെ | 18585/- | | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/11-10-23) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ തുക സഞ്ചിത നിധിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കണമെന്ന് കാണിച്ച് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം സഞ്ചിതനിധിയിൽ നിന്നും അധികം പിൻവലിച്ച തുക ചെലാൻ മുഖേന സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും നികുതിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക, ആ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിൽ നിന്നുമുള്ള ചെലവാണ്. ആയതിനാൽ ഈയിനത്തിൽ സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ലിയു.ഡി. മാനുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, മേൽ സൂചിപ്പിച്ച പ്രവൃത്തികളിൽ നിയമാനുസൃത കാലയളവിനുള്ളിൽ കരാർ വെച്ചതായി കാണുന്നില്ല. ടി പ്രവൃത്തികളിൽ നിയമാനുസൃത തീയതിയിൽ കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും ഫൈനും ഈടാക്കിയിട്ടില്ല.

15-ാം വാർഡിൽ തയ്യിൽ കുട്ടുഴത്തിൽ റോഡ് ടാറിംഗ്-

കരാറുകാരന് അയച്ച് നൽകിയിട്ടുള്ള 08-02-22 ലെ AE/LSGD/TKPZ/21-ാം നമ്പർ ആയുള്ള സെലക്ഷൻ നോട്ടീസിൽ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ 300/- വിലയുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് രേഖപ്പെടുത്തിയിരുന്നു. അതനുസരിച്ച് 22-02-22 നുള്ളിൽ കരാർ വെയ്ക്കേണ്ടതായിരുന്നു. എന്നാൽ ഈ പ്രവൃത്തിക്ക് കരാർ വെച്ചിട്ടുള്ളത് ഒരു മാസത്തിന് ശേഷം, 21-03-22 ൽ ആണ്.

പ്രോജക്റ്റ് നം. - S0039/22
അടങ്കൽ-300000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ് + തനത് ഫണ്ട്.)
കരാറുകാരൻ - സിയാദ് എച്ച്.
എഗ്രിമെന്റ് നം. 28/AE/LSGD/TKPZA/21-22/21-03-22
ബിൽ നം., തീയതി, തുക – 06/22-23,dt.15/03/23, Rs-34000/-
-266000/- ബിൽ നം,402/24-03-23
PAC- 265802/-
M Book – 04/22-23,
ഈടാക്കേണ്ട ഫൈൻ – 2658/- രൂപ
അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(21/11-10-23)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവർത്തിക്ക് ഫൈൻ ഈടാക്കിയില്ല

പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈൻ ഈടാക്കിയില്ല-

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ രേഖപ്പെടുത്തിയിട്ടുള്ള പ്രവർത്തികളിൽ കമ്മിറ്റി തീരുമാനത്തോടെ പൂർത്തീകരണ കാലാവധിക്കു സമമായ അത്രയും തന്നെ കാലാവധി യാതൊരു പിഴയും ഈടാക്കാതെ കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) 16-ാം വാർഡിൽ പാണ്ട്യാലയിൽ റോഡ് ടാറിംഗ് –

പഞ്ചായത്ത് കമ്മിറ്റിയുടെ 17-03-23 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണ സമയത്തുണ്ടായ പ്രാദേശിക തർക്കങ്ങളും, സാധനങ്ങളുടെ അപര്യാപ്തതയും നിമിത്തം ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്ന് രേഖപ്പെടുത്തി, പിഴയില്ലാതെ കരാറുകാർക്ക് 31-03-23 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് മേൽ രേഖപ്പെടുത്തിയ നിയമത്തിന് വിരുദ്ധമാണ്. ആയതിനാൽ പിഴയിനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 13.09.22 (6 മാസം)
പൂർത്തീകരിച്ച തീയതി- 17-03-23
ഈടാക്കേണ്ട ഫൈൻ – 2678/- രൂപ
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(20/11.10.23) ലഭ്യമാക്കിയ മറുപടിയിൽ 31.03.23 വരെ പൂർത്തീകരണ കാലാവധി നീട്ടി നൽകുവാൻ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പിഴ ഒഴിവാക്കി നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ തീരുമാനം മേൽ രേഖപ്പെടുത്തിയ നിയമത്തിന് വിരുദ്ധമാണെന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റിയെ

അറിയിച്ചിട്ടില്ല. ആയതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കുന്നില്ല.

അനുബന്ധ വിവരങ്ങൾ -

പ്രോജക്ട് നം. – S0052/23

അടങ്കൽ-330000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്)

കരാറുകാരൻ - ഗോപാലകൃഷ്ണപിള്ള.

എഗ്രിമെന്റ് നം. 19/AE/LSGD/TKPZA/21-22/14-03-22

ബിൽ നം., തീയതി, തുക -07/22-23,dt.15/03/23, Rs-330000/-

PAC- 267836/-

M Book – 02/22-23,

പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കാതിരുന്ന 2,678/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

3-2 MGNREGS-എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിൽ 2022-23 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഗ്രാവൽ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തിയതിൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC) ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. അളവു പുസ്തകത്തിൽ ഇത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് /അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | കരാറുകാരൻ സപ്ലൈ ചെയ്ത ഗ്രാവലിന്റെ അളവ്/ ഗ്രാവൽ ഫില്ലിംഗ് നടത്തിയ അളവ്/ നൽകിയ തുക | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യനിർണ്ണയം നടത്താവുന്ന അളവ്/നൽകാവുന്ന തുക | നിരക്ക് | അധികം | FTO നമ്പർ/ തീയതി |
|---|---|---|---|---|---|---|
| 1. | 2-ാം വാർഡിൽ തകിടിയിൽ സജിഭവനം റോഡ് നിർമ്മാണം/RC/ 344468/128/22-23, ഹബീബ്, കാരാത്ര | $137.70m^3$/ $126.46m^3$/ 141761/-രൂപ | $137.70m^3$-$13.77m^3$ (10%)= $123.93m^3$ 138925/-രൂപ | $1121/m^3$ | 141761- 138925 2836/- രൂപ | 32023163/ 27/3/23, |
| | | ആകെ | | | 2836/- | |

മേൽ സൂചിപ്പിച്ചവിധം ഗ്രാവൽ ഫില്ലിംഗ് നടത്തിയതിൽ നിന്നും സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണവും കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/04.10.23) ലഭ്യമാക്കിയ മറുപടിയിൽ ഡ്രൈകണ്ടീഷനിൽ ആയിരുന്ന ഗ്രാവൽ പവർറോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താണ് സൈറ്റിൽ പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ അമിതമായ ജോലിത്തിരക്ക് കാരണം ആയത് സാക്ഷ്യപ്പെടുത്തി സാക്ഷ്യപത്രം ഫയലിൽ ഇടുന്ന കാര്യം വിട്ടുപോയി എന്നാണ് അറിയിച്ചത്. ഈ മറുപടി അംഗീകരിച്ചാൽ പോലും, കരാറുകാരൻ സപ്ലൈ ചെയ്തിരിക്കുന്ന ഗ്രാവലിന്റെ അളവായ $137.70m^3$ ൽ നിന്നും, 10% കുറവ് ചെയ്തതിന് ശേഷം അനുവദിക്കാവുന്ന തുകയെക്കാൾ അധികം തുക അനുവദിച്ച് നൽകിയതായി മേൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 180000 | പാലിയേറ്റീവ് കെയർ പദ്ധതി | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 107433 | പാലിന് സബ്സിഡി | 107433 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2999200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2999200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1260000 | ലൈഫ് പദ്ധതി – ഭൂമിയുള്ള ഭവന നിർമ്മാണ പൂർത്തീകരണം | 1260000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 20000 | ലൈഫ് മിഷൻ പദ്ധതി- എസ് സി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3080000 | ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 3080000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 126710 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 126710 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1340000 | ലൈഫ് പദ്ധതി – ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 1340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | അനുപൂരക പോഷകാഹാര | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 5820000 | ലൈഫ് മിഷൻ പദ്ധതി എസ്.സി. വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 5820000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 877258 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 877258 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 108000 | ലൈഫ് മിഷൻ പദ്ധതി | 108000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 300000 | ലൈഫ് മിഷൻ പദ്ധതി എസ്.സി. വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം പൂർത്തീകരണം | 300000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 22/17-02-23, 38/30-03-23 | 1393721 | 0 | 1393721 |
| കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 355/19-03-23 | 335000 | 0 | 335000 |
| കെ.ഡബ്ല്യൂ.എ. | കുഴൽ കിണർ നിർമ്മാണം | 356/19-03-23 | 1687000 | 0 | 1687000 |
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഷിഫ്റ്റിംഗ് | Rs -23626 - 237/13-02-23 Rs-18464-238/13-02-23 Rs-14643-313/06-03-23 Rs-37139-477/31-03-23 | 93872 | 0 | 93872 |
| കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 367/21-03-23 | 86700 | 0 | 86700 |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ എന്റർപ്രൈസസ് | RO പ്ലാന്റ് സ്ഥാപിക്കൽ | 347/17-03-23 | 1496250 | 0 | 1496250 |
| കെ.ഡബ്ല്യൂ.എ. | RO പ്ലാന്റ് സ്ഥാപിക്കൽ | 366/21-03-23 | 750000 | 0 | 750000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 2278/ത.സ്വ.ഭ.വ. 18.8.2018 | 53724000 | 0 | 7099529 | - | 46624471 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 3-1(1) മുതൽ 3-1(6) വരെ | 2018-19 | അദ്ധ്യായം 1 | ഘടക സ്ഥാപനങ്ങൾക്ക് ഓഫീസ് സമുച്ചയം | മറുപടി നൽകിയിട്ടുണ്ട്. |

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,35,26,908/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,60,07,271/- |
| വരവിനങ്ങളിലെ നഷ്ടം | 2658/- |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5514/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 76,66,136/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 2-1 | 2658/- | | ശ്രീ.സലീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 2678/- | ശ്രീ.സലീം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 2836/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി,<br>ശ്രീമതി അനീസിയ ലാൽ, അസിസ്റ്റന്റ് സെക്രട്ടറി<br>ശ്രീമതി തസ്ലി, അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. (തുല്യമായി) |
| ആകെ | 2658/- | 5514/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 10,50,000/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |

| | | |
|---|---|---|
| 1-19 | 22,46,250/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-20 | 13,93,721/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-21 | 4,21,700/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-22 | 16,87,000/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-23 | 93,872/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-24 | 7,49,593/- | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-32 | 16,000/- | ശ്രീമതി ഓമന അമ്മാൾ, സെക്രട്ടറി |
| | 8,000/- | ശ്രീ.വിനീത് കെ., സീനിയർ ക്ലാർക്ക് |
| ആകെ | 76,66,136/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 1950 | ശ്രീ.രഘുലാൽ വി., സെക്രട്ടറി |
| 1-31 | 1304 | ശ്രീമതി ഓമന അമ്മാൾ, സെക്രട്ടറി |
| 1-40 | 2072 | ശ്രീ.രഘുലാൽ വി., സെക്രട്ടറി<br>ശ്രീമതി അനീസിയ ലാൽ, അസിസ്റ്റന്റ് സെക്രട്ടറി<br>ശ്രീമതി തസ്നി, അക്രഡിറ്റഡ് എഞ്ചിനീയർ<br>എൻ.ആർ.ഇ.ജി.എസ്. (തുല്യമായി) |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഓമനഅമ്മാൾ, സെക്രട്ടറി | വിരമിച്ചു | ഇടപ്പാട്ട് കിഴക്കതിൽ, ചെറിയനാട് പി.ഒ., 683511 |
| ശ്രീ.രഘുലാൽ വി., സെക്രട്ടറി | സെക്രട്ടറി, തൃക്കുന്നപ്പുഴ പഞ്ചായത്ത് | ശ്രീനന്ദനം, താമല്ലാക്കൽ സൌത്ത്, കുമാരപുരം പി.ഒ. |
| ശ്രീമതി അനീസിയ ലാൽ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കുന്നപ്പുഴ പഞ്ചായത്ത് | അഭിനിവാസ്, ചേന്നങ്കര, തോട്ടപ്പള്ളി പി.ഒ. |
| ശ്രീമതി തസ്നി, അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്., തൃക്കുന്നപ്പുഴ | പുത്തൻ പറമ്പിൽ, പല്ലന |
| ശ്രീ.വിനീത് കെ., | സീനിയർ ക്ലാർക്ക്, | ബിനീഷ് ഭവനം, ഹരിപ്പാട് |

| | | |
|---|---|---|
| സീനിയർ ക്ലാർക്ക് | വീയപുരം പഞ്ചായത്ത് | |
| ശ്രീ.സലീം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെറുതന പഞ്ചായത്ത് | ആലംബിള്ളിൽ ഹൌസ്, പത്തിയൂർക്കാല, കീരിക്കാട് പി.ഒ. |

4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 To 98-99 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/ 02.05.2023 |
| 1999-2000 | എൽ.എഫ്.എ-ജി.എ5.1832/11, തീയതി – 31-01-2012 |
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2001-2002 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2002-03 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2003-04 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2004-05 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2005-06 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2007-08 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2008-09 മുതൽ 2009-10 വരെ | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2010-11, 2011-12 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി-3/1316/2022/02.05.2023 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി-പി3-912/2019/15.01.2020 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി-പി3/1023/21 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി-പി3//1024/21 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി-പി3/1585/2022 /05/03/23 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 21-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thrikkunnappuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrikkunnappuzha Grama Panchayat for the year 2022-2023

Date: 01/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Thrikkunnappuzha Grama Panchayat for the Year 2022-2023.

**1.Major Observations**

1) There is a difference between Closing balance on 31.3.2022 and Opening balance on 1.04.2022 of the bank account, SBI E-paymant Account.

2) Eventhough Depreciation of Sewerage & Drainage is accounted but such an asset is not accounted in the Balance sheet on 31.3.2023.

3) The arrear amount of water charge demanded by Kerala water authority is not accounted as Liability in the Balance sheet on 31.3.2023.

4) Depreciation of vehicle is not accounted in the balance sheet.

5) No provission is given for the arrears of different incomes.

6) Panchayath fund shown in the Balance sheet on 31.3.2023 is not match with the difference of Panchayath Fund

in the the Balance sheet on 31.3.2022 and deficit in the I&E statement of 2022-23.

**2.Other Observations**

1) Ratios, comparison statements etc. are not attached with AFS.

2) No documents is presented to clarify the entry in the head Prior Period Income.

3)There is Mismatch between the Demand of property tax in Sanchaya Softwere and Income of same item in the Income and Expenditure Statement.

4) The cheques of Rs 33750 is being uncollected on 31.3.2023 even after 3 months of date of issue.

5) The balance in the bank account head STOLGSTSB Own Fund is 342125 and is incorrect.

6) Since the asset register is not updated, the asset values in the Balance Sheet cannot be ensured.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്